SANDESA NILAYAM
CHANGANACHERRY

## സന്ദേശനിലയം
### ചങ്ങനാശ്ശേരി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

# വിശ്വാസോത്സവം-2026

## സൂപ്പർ സീനിയർ വിഭാഗം

# അധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

സീറോമലബാർസഭ സമുദായ വർഷം ആചരിക്കുന്ന പശ്ചാത്തലത്തിൽ ഈ വർഷത്തെ വിശ്വാസോത്സവം ഏറെ പ്രത്യേകതയുള്ളതാണ്. സഭാത്മകമായ കാഴ്ചപ്പാടിലൂന്നിയ സമുദായ അവബോധമാണ് നമുക്ക് കരണീയം. കാലങ്ങളും നൂറ്റാണ്ടുകളും മാർത്തോമാ നസ്രാണികൾ ചരിച്ച മാർഗ്ഗത്തെ ശോഷണം കൂടാതെ തലമുറകളിലേക്ക് സന്നിവേശിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണ് നമ്മൾ എന്ന പ്രഖ്യാപനം ഈ വർഷത്തെ വിശ്വാസോത്സവത്തിൽ ഉയർത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പൈതൃകവും പാരമ്പര്യവും അഭിമാനബോധത്തോടെ കൊണ്ടുനടക്കുന്ന വ്യക്തികളായി വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികളെ രൂപപ്പെടുത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**
2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.
3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.
4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ**
*ഡയറക്ടർ, സന്ദേശനിലയം*

<u>ഒന്നാം ദിവസം</u>

**കുടുംബം**

**ആമുഖ ഗെയിം - റിലേ ദ റേസ്**

(ആദ്യദിവസത്തെ ആക്ടിവിറ്റികളുടെ പ്രത്യേകമായും ഈ എട്ടു ദിവസങ്ങളിലെ പ്രവർത്തനങ്ങളുടെ പൊതുവായുള്ള ഈ സന്ദേശം ഈ ഗെയിമോടുകൂടി നമുക്ക് ആരംഭിക്കാം.)

ഈ ഗെയിം ക്ലാസ്സിനുപുറത്ത്, അത്യാവശ്യം സ്ഥലമുള്ള ഇടത്ത് നടത്തണം. കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും ഓരോ ചെറിയ ബോൾ (ക്രിക്കറ്റ് ബോളിന്റെ വലിപ്പമുള്ളത്) നൽകുന്നു. മൂന്ന് ഷീറ്റ് പത്രം വീതവും ഓരോ ഗ്രൂപ്പിനും നൽകുന്നു. പത്രം ഉപയോഗിച്ച് അവർക്ക് നൽകിയിരിക്കുന്ന ബോളിന് ഉരുളാൻ പാകമായ രീതിയിൽ മൂന്ന് ചാനലുകൾ നിർമ്മിക്കുക. ഓരോ ഗ്രൂപ്പും ഒരാൾക്ക് പിറകിൽ മറ്റൊരാൾ എന്ന ക്രമത്തിൽ ലൈനായി അദ്ധ്യാപകൻ ഇട്ടിരിക്കുന്ന സ്റ്റാർട്ടിംഗ് പോയിന്റിന്റെ പിറകിൽ നിൽക്കുന്നു. ലൈനിന്റെ കുറെ മുമ്പിലായി ഫിനീഷിംഗ് പോയിന്റും മാർക്ക് ചെയ്യുന്നു. എറ്റവും മുൻഭാഗത്ത് നിൽക്കുന്നയാളും തൊട്ട് പിറകിൽ നിൽക്കുന്ന രണ്ട് പേരും തങ്ങളുടെ ഗ്രൂപ്പ് നിർമ്മിച്ച ന്യൂസ് പേപ്പർ ചാനലുകൾ പിടിക്കുന്നു. മുമ്പിൽ നിൽക്കുന്നയാളിന്റെ ന്യൂസ് പേപ്പറിൽ ഗ്രൂപ്പിന്റെ ബോൾ വയ്ക്കുന്നു. വിസിലടിക്കുമ്പോൾ രണ്ടാമത് നിൽക്കുന്നയാൾ ആദ്യം നിൽക്കുന്നയാളിന്റെ മുമ്പിൽ വരുന്നു. ആദ്യത്തെയാളിന്റെ ന്യൂസ് പേപ്പർ ചാനലിനോട് ചേർത്ത് തന്റെ കൈവശമുള്ള ചാനൽ വയ്ക്കുന്നു. മുന്നാമത്തെയാൾ രണ്ടാമത്തെയാളിന്റെ മുൻപിൽ വന്ന് തന്റെ ചാനൽ ചേർത്ത് വയ്ക്കുന്നു. ബോൾ താഴെ പോവാതെ മൂന്നാമത്തെയാളിന്റെ ചാനലിൽ എത്തുന്നു. ഈ സമയം ആദ്യത്തെയാൾ തന്റെ പിറകിൽ ഉള്ളയാൾക്ക് തന്റെ കൈയിലുള്ള ചാനൽ നൽകി ലൈനിന്റെ പിറകിൽ നിൽക്കുന്നു, ചാനൽ കിട്ടിയ ആൾ മുമ്പിൽ പോയി ഏറ്റവും മുമ്പിലുള്ള ചാനലിനോട് ചേർത്ത് വയ്ക്കുന്നു. ബോൾ അതിലേക്ക് ഉരുളുന്നു. രണ്ടാമത്തെയാൾ തന്റെ പിറകിൽ നിൽക്കുന്നയാൾക്ക് ചാനൽ കൈമാറി ലൈനിന്റെ പിറകിൽ (ആദ്യത്തെയാളിന്റെ പിറകിൽ) പോയി നിൽക്കുന്നു. ചാനൽ കിട്ടിയ ആൾ മുമ്പിൽ ചെല്ലുന്നു. ബോൾ അതിലേക്ക് ഉരുളുന്നു. ഇപ്രകാരം ചാനലിൽ നിന്ന് ബോൾ ഉരുണ്ട് മാറിയ ആൾ തന്റെ പിറകിൽ നിൽക്കുന്നയാൾക്ക് ചാനൽ നൽകി

ലൈനിന്റെ പിറകിൽ പോവുന്നു. ബോൾ താഴെ വീഴാതെ ചാന ലിലൂടെ സ്മൂത്ത് ആയി ഉരുണ്ട് ലക്ഷ്യസ്ഥാനത്ത് എത്തുന്നു. ആദ്യം ഏത് ഗ്രൂപ്പിന്റെ ബോളാണോ ലക്ഷ്യ സ്ഥാനത്ത് എത്തുന്ന ത് ആ ഗ്രൂപ്പ് വിജയിക്കുന്നു. ഒരാൾക്ക് തന്റെ ചാനലിലുള്ള ബോൾ കൈകൊണ്ട് പിടിച്ച് നിർത്താൻ പാടില്ല. എന്നാൽ, ബാലൻസ് പി ടിച്ച് നിർത്താം. ബോൾ പിടിച്ച്കൊണ്ട് നടക്കാൻ പാടില്ല. ചാനൽ പിടിച്ച കൈ മുമ്പോട്ട് ചലിപ്പിക്കാനും പാടില്ല. ബോൾ താഴെ പോ യാൽ, ഗ്രൂപ്പ് മുഴുവൻ വീണ്ടും സ്റ്റാർട്ടിംഗ് പോയിന്റിൽ എത്തി അവ രുടെ റേസ് ആരംഭിക്കണം.

**ആവശ്യമായ സാധനങ്ങൾ** :

ന്യൂസ് പേപ്പർ (ലഭ്യമാണെങ്കിൽ വലിപ്പമുള്ള പൈപ്പ് കഷണ ങ്ങൾ നടുവെ കീറിയത് കൂടുതൽ അനുയോജ്യമാണ്)

ഒരു ഗ്രൂപ്പിന് ഒരു ബോൾ വീതം.

**കളിയുടെ വിശദീകരണം**

സ്റ്റാർട്ടിംഗ് പോയിന്റിൽ ലഭിക്കുന്ന ബോൾ, ഇടയ്ക്ക് വച്ച് നഷ്ടപ്പെ ടുത്താതെ ഫിനീഷിംഗ് പോയിന്റിൽ ആദ്യം എത്തിക്കുക എന്നതാണ് ഈ കളിയുടെ അന്തഃസത്ത. പക്ഷെ ഇത് സംഭവിക്കുന്നത് പല ഘട്ട ങ്ങളിലായിട്ടാണ്. പലരുടെ സഹായം ആവശ്യമാണ് കളി പൂർത്തി യാക്കുവാൻ. ഇടയ്ക്ക് വച്ച് ബോൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ഇവിടെ ഈ ഗെയിം മുഴുവനായും കാണിക്കുന്നത് എന്റെ ജീവിതമാ ണ്. എന്റെ ജീവിതത്തിന്റെ തുടക്കം മുതൽ ഫിനീഷിംഗ് പോയിന്റ് വരെ ഞാൻ പൂർത്തിയാക്കേണ്ടതുണ്ട്ധാരാളം ദൗത്യങ്ങളുണ്ട്. പല ഘട്ട ങ്ങളിലൂടെ എന്റെ ജീവിതം മുമ്പോട്ട് പോവണം. പല ഘടകങ്ങ ളും വ്യക്തികളും സാഹചര്യങ്ങളും എന്റെ ജീവിതത്തോട് പലതും കൂട്ടിച്ചേർക്കുന്നുണ്ട്. എന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നുണ്ട്. കളിയുടെ ആദ്യ ഘട്ടത്തിൽ എന്റെ കൈയിൽ ലഭിക്കുന്ന ബോൾ എന്റെ വ്യക്തിത്വമാണ്. എന്റെ ജീവിതമാണ്. അതിന്റെ സ്റ്റാർട്ടിംഗ് പോയിന്റ് എന്റെ കുടുംബമാണ്. ഇവിടെ നിന്നാണ് എന്റെ ഐഡന്റി റ്റി ആരംഭിക്കുന്നത്. എന്റെ മാതാപിതാക്കളിൽ നിന്ന്, എനിക്ക് ലഭി ക്കുന്നതെല്ലാം എന്റെ മൂലധനമാണ്. തുടർന്ന് എന്റെ സഹോദരങ്ങ ളിലൂടെ, ബന്ധുക്കളിലൂടെ, എന്റെ ഇടവകയിലൂടെ, കൂട്ടുകാരിലൂടെ, സമൂഹത്തിലൂടെ ഇത് തുടരുന്നു. ഈ എട്ടുദിവസങ്ങളിലായി ഞാൻ കടന്നു പോവുന്നത് ഈ യാത്രയിലൂടെയാണ്. എന്നാൽ അതി ന്റെയൊക്കെ തുടക്കം എന്റെ കുടുംബത്തിൽ നിന്നാണ്. എന്റെ ന സ്രാണി വ്യക്തിത്വത്തിന്റെ തുടക്കം. അത് ഇവിടെനിന്നാണ്. ജീവിത

ത്തിന്റെ ചില ഘട്ടങ്ങളിൽ അത് നഷ്ടപ്പെടാൻ അവസരങ്ങൾ അനവധിയാണ്. അതിനാൽ ഞാൻ ശ്രദ്ധിച്ച് മുന്നേറണം. കുറവുകൾ അവസാനമല്ല. എനിക്ക് വീണ്ടും ആരംഭിക്കാം തിരിച്ചുവരാം. ഇന്നത്തെ ദിവസം പ്രത്യേകമായും നമ്മൾ ചിന്തിക്കുന്നത് എന്റെ ജീവിതയാത്രയിലെ ആദ്യത്തെ ഇടമായ എന്റെ കുടുംബത്തേക്കുറിച്ചാണ്.

**ആക്റ്റിവിറ്റി ഒന്ന് (എന്റെ തുടക്കം)**

ഈ ആക്റ്റിവിറ്റി കുട്ടിയുടെ ജീവിതത്തിലെ നല്ലതായ എല്ലാത്തിന്റെയും ആരംഭം കുടുംബം ആണെന്നുള്ള സന്ദേശമാണ് നൽകുക. ഒന്നാം ദിവസം ആണെങ്കിലും അവരുടെ ഗ്രൂപ്പിൽ വിശ്വാസോത്സവത്തിന് വരുമ്പോൾ തന്നെ മാതാപിതാക്കളോട് ഒന്നാമത്തെ ആക്ടിവിറ്റിയുടെ ആദ്യഭാഗം ചോദിച്ച് വരാൻ അറിയിപ്പ് നൽകുക. കുട്ടി മാതാപിതാക്കളോട് നേരിട്ട് ചോദിക്കാൻ പ്രേരിപ്പിക്കുക: 'എന്നിൽ നല്ലതായി എന്തൊക്കെയാണുള്ളത്?'. എത്ര മോശമെന്ന് പറയിപ്പിക്കുന്ന കുട്ടിയാണെങ്കിലും തന്നിൽ എന്തൊക്കെയോ നല്ലതായി ഉണ്ട് എന്ന സന്ദേശമാണ് നാം ഇതിൽ നിന്ന് നൽകാൻ ആഗ്രഹിക്കുന്നത്.

ഈ ആക്റ്റിവിറ്റിയുടെ രണ്ടാം ഭാഗം 'തന്റെ കുറവുകളിൽ ചേർത്ത് പിടിച്ച കുടുംബത്തേക്കുറിച്ചുള്ളതാണ്.' നമ്മുടെ ഗെയിമിൽ ബോൾ താഴെ പോകുവാൻ സാധ്യതയുള്ളതുപോലെ, നമ്മിൽ മോശമായ കാര്യങ്ങൾ ഉണ്ടാവാം. സ്വഭാവത്തിലെയും പെരുമാറ്റത്തിലെയും കുറവുകൾ ഉണ്ടാവാം. എന്നാൽ ബോൾ വീണ് പോവുന്നത് ഗെയിമിന്റെ അവസാനം അല്ലാത്തതുപോലെ, എന്റെ കുറവുകൾ എന്റെ ജീവിതത്തിന്റെ അവസാനമല്ല. മറിച്ച് പുതിയ തുടക്കത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റാക്കണം. അതിന് നമ്മുടെ കുടുംബങ്ങൾ നമ്മെ ചേർത്ത് പിടിക്കും. അപ്രകാരമുള്ള ഇടങ്ങളായി കത്തോലിക്കാ കുടുംബങ്ങൾ മാറണം. എന്റെ മാതാപിതാക്കൾ എന്റെ കുറവുകളിലും എന്നെ ചേർത്ത് പിടിക്കും. ഇതാണ് ഈ ആക്റ്റിവിറ്റിയുടെ രണ്ടാം ഭാഗത്തിന്റെ സന്ദേശം.

**ആക്റ്റിവിറ്റി 2 (എന്റെ കുടുംബം എന്റെ ശക്തി)**

എന്റെ കുടുംബത്തിൽ നിന്ന് ഞാൻ പങ്കാളിയാവുന്ന എന്റെ പാരമ്പര്യങ്ങൾ എന്റെ ശക്തിയാണെന്ന് ഞാൻ തിരിച്ചറിയുന്നു. ഉദാ : എന്റെ വീട്ടുപേരിന്റെ ഐഡന്റിറ്റിയുടെ ഭാഗമാണ്. ഞാൻ അറിയപ്പെടുന്നത് ഈ വീട്ടുപേരിന്റെ കൂടി അടിസ്ഥാനത്തിലാണ്. (പറ്റുമെങ്കിൽ തന്റെ വീട്ടുപേരിന്റെ പിന്നിലുള്ള ചരിത്രം കുട്ടി കണ്ടെത്തട്ടെ ഇല്ലെങ്കിലും കുഴപ്പമില്ല.)

**മാറൻ ഈശോമ്ശിഹാ** : നസ്രാണി പാരമ്പര്യത്തിൽ ജനിച്ചയുടനെ കുഞ്ഞിന്റെ ചെവിയിൽ 'മാറൻ ഈശോമ്ശിഹ' എന്ന് മന്ത്രിക്കുന്ന പാരമ്പര്യമുണ്ട്. 'കർത്താവായ ഈശോമിശിഹാ' എന്നാണ് കുട്ടി ആദ്യം കേൾക്കുന്നത്. നസ്രാണിയായി ജനിക്കുന്ന കുട്ടി, തന്റെ വിശ്വാസപാരമ്പര്യത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിൽ ഇവിടെ പങ്കാളിയാവുന്നു. ആ പാരമ്പര്യക്കണ്ണിയുടെ ഭാഗമാവുന്നു.

**പൊന്നും തേനും നൽകുന്നത്** : എന്റെ പാരമ്പര്യം ഭാരതത്തിന്റെ തനതുപാരമ്പര്യങ്ങളോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഹൈന്ദവപാരമ്പര്യത്തോട് ചേർന്ന് നിൽക്കുന്ന ഒരു ആചാരമാണിത്. തേൻ ജീവിതം മധുരതരമാവട്ടെ എന്ന ആശംസയും പ്രാർത്ഥനയും ആവുമ്പോൾ, സ്വർണ്ണം ഐശ്വര്യവും സമ്പത്തും ജീവിതഭാഗ്യങ്ങളുടെയും സൂചനയാവുന്നു. ആയുർവേദ പാരമ്പര്യത്തിൽ സ്വർണവും തേനും ബുദ്ധിയും ആരോഗ്യവും ആയുസ്സും പ്രതിനിധാനം ചെയ്യുന്നു. (കുഞ്ഞുങ്ങൾക്ക് തേനും സ്വർണ്ണവും നൽകുന്നതിനേക്കുറിച്ച് വ്യത്യസ്ഥ അഭിപ്രായങ്ങൾ ഉണ്ട് എന്നും അറിയുക) ചില സ്ഥലങ്ങളിൽ സ്വർണം ചാലിച്ച് നൽകുന്നതിനുപകരം സ്വർണക്കുരിശ് കൊണ്ട് കുഞ്ഞിന്റെ നാവിൽ കുരിശ് വരയ്ക്കാറുണ്ട്.

**എന്റെ പേര്** : എന്റെപേര് (മാമ്മോദീസാ പേര്) വലിയ ഒരു പാരമ്പര്യത്തിലെ കണ്ണിയാണ് ഞാൻ എന്ന് ഓർമ്മിപ്പിക്കുന്നു. വീട്ടിലെ മൂത്ത ആൺ കുട്ടിയ്ക്ക്, അവന്റെ അപ്പന്റെ അപ്പന്റെ പേരാണ് നൽകുക, പെൺ കുട്ടിയെങ്കിൽ അപ്പന്റെ അമ്മയുടെ പേരും. രണ്ടാമത്തെ ആൺകുട്ടിയ്ക്ക് അമ്മയുടെ അപ്പന്റെ പേരും രണ്ടാമത്തെ പെൺകുട്ടിയ്ക്ക് അമ്മയുടെ അമ്മയുടെ പേരും നൽകുന്നു. ഈ അർത്ഥത്തിൽ നോക്കിയാൽ ഞാൻ വലിയൊരു പാരമ്പര്യക്കണ്ണിയുടെ ഭാഗമാവുന്നു. (കുട്ടി തന്റെ മാമോദീസാപേർ എവിടെ നിന്ന് ലഭിച്ചു എന്ന് കണ്ടുപിടിക്കണം).

തുടർന്ന് തന്റെ കുടുംബത്തിൽ നിന്ന് തനിക്ക് കിട്ടിയ ശീലങ്ങൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, പെരുമാറ്റരീതികൾ എന്നിവ കുട്ടി കണ്ടെത്തണം; ഇവ ആരിൽ നിന്നാണെന്ന് കണ്ടെത്താൻ ശ്രമിക്കുക; ഇവ ഓരോന്നും തന്റെ ഇതുവരെയുള്ള ജീവിതത്തിൽ എപ്രകാരം ഉപകാരപ്പെട്ടു എന്ന് (ചിലതെങ്കിലും) കണ്ടെത്തണം.

**ആക്ടിവിറ്റി 3**

**എന്റെ ആദ്യ ദേവാലയം**

**മാറൻ ഈശോ** : എന്റെ ജീവിതത്തിന്റെ കേന്ദ്രമായി ഈശോമി

ശിഹാ മാറണം.

**സ്തുതി** : അപരനെ നോക്കി ഞാൻ സ്തുതി ചൊല്ലുമ്പോൾ, അവൻ / അവൾ എനിക്ക് ഈശോമിശിഹാ ആയി മാറുന്നു. അവരിൽ ഈശോയെ കണ്ട്, ഈശോയോടെന്നപോലെ അവരോട് ഇടപെടാൻ എനിക്ക് പറ്റണം. ഞാൻ സ്തുതി ചൊല്ലുമ്പോൾ എന്നിലെ ഈശോ അപരനിലെ ഈശോയോട് ആശയവിനിമയം നടത്തുന്നു.

**കുരിശുവരയ്ക്കുന്നത്** : ത്രിയേക ദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനമാണത്; എന്റെ ജീവിതം പിതാവായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട്, പുത്രനാൽ വീണ്ടെടുക്കപ്പെട്ട്, പരിശുദ്ധാത്മവിനാൽ വിശുദ്ധീകരിക്കപ്പെട്ട് നയിക്കപ്പെടുന്നു. കുരിശിനാൽ ഞാൻ വീണ്ടെടുക്കപ്പെട്ടു എന്ന് അനുസ്മരിക്കപ്പെടുന്നു; എന്റെ നെറ്റിത്തടം (ബുദ്ധി, ചിന്തകൾ), എന്റെ ചുണ്ടുകൾ (എന്റെ വാക്ക്), എന്റെ നെഞ്ച് / ഹൃദയം (എന്റെ ആഗ്രഹങ്ങളും വികാരങ്ങളും), എന്റെ തോളുകൾ (എന്റെ ശാരീരിക ശേഷികളും ഉത്തരവാദിത്വങ്ങളും) എല്ലാം ഈശോമിശിഹായ്ക്കായി സമർപ്പിക്കപ്പെടുന്നു, നയിക്കപ്പെടുന്നു, വിശുദ്ധീകരിക്കപ്പെടുന്നു. കുരിശിന്റെ ആത്മീയ സംരക്ഷണയിലാണ് ഞാൻ എന്ന് എന്നെ ധൈര്യപ്പെടുത്തുന്നു.

**കിഴക്കോട്ട് തിരിഞ്ഞ് കുടുംബപ്രാർഥന** : അതിസമ്പന്നമായ നസ്രാണിപാരമ്പര്യത്തിന്റെ ഭാഗമാണിത്. ഈശോയുടെ രണ്ടാം വരവിന്റെ വലിയ പ്രത്യാശയുടെ സൂചനയാണ്. വ്യക്തിപരമായി പാപത്തിൽ നിന്നു ദൈവത്തിലേക്കും, ആശങ്കയിൽനിന്നും പ്രത്യാശയിലേക്കും, ഇരുട്ടിൽ നിന്ന് പ്രകാശത്തിലേയ്ക്കുമുള്ള എന്റെ പ്രയണമാണ്. ഉയിർത്തെഴുന്നേറ്റ ഈശോയിലുള്ള എന്റെ വിശ്വാസത്തിന്റെ സൂചനയാണിത്.

**ആക്റ്റിവിറ്റി 4 (ഞാനല്ല, നമ്മൾ ആണ്)**

ഞാനെന്ന് വ്യക്തി എന്റെ കൂടുംബത്തിന്റെ, പ്രത്യേകിച്ചും മാതാപിതാക്കളുടെ, സഹനത്തിന്റെയും അദ്ധ്വാനത്തിന്റെയും ഒക്കെ ആകെത്തുകയാണെന്ന് ഈ ആക്ടിവിറ്റിയിലൂടെ കുട്ടി തിരിച്ചറിയണം. അതോടൊപ്പം തന്നെ തന്നെ താങ്ങിനിർത്തുന്ന വലിയ ബന്ധത്തിന്റെ വലയം കുട്ടി തരിച്ചറിയണം. തന്റെ കുടുംബവൃക്ഷത്തിന്റെ വേരുകൾ പൂർത്തിയാക്കണം. ഈ ബന്ധങ്ങളിൽ തന്നെ മാതാപിതാക്കൾ കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ചില ബന്ധങ്ങളെ കണ്ടെത്തണം. അവരിലൂടെ ലഭിച്ച നന്മ തിരിച്ചറിയണം.

**ആക്റ്റിവിറ്റി 5 (അത്രയ്ക്ക് ഉത്തമമല്ലെങ്കിലും)**

തന്റെ നിറവുകൾ മാത്രമല്ല, തന്റെ കുറവുകളും തിരിച്ചറിയപ്പെ

ടുന്ന ഇടമാണ് കുടുംബം എന്ന് കുട്ടി തിരിച്ചറിയുന്നു. ഉത്തമ നസ്രാണി വ്യക്തിത്വത്തിന്റെ സവിശേഷതകൾ വിശുദ്ധ വചനത്തിന്റെ വെളിച്ചത്തിൽ കുട്ടി തിരിച്ചറിയുന്നു. ഈ മേഖലകളിൽ എന്ത് മെച്ചപ്പെടലുകൾ ആണ് താൻ വരുത്തേണ്ടത് എന്നും കുട്ടി തിരിച്ചറിയുന്നു. അതിനുള്ള തീരുമാനവും പ്ലാൻ ഓഫ് ആക്ഷനും തയ്യാറാക്കുന്നു. (ക്ലാസ്സിൽ വച്ച് സമയമില്ലെങ്കിൽ ഇത് അന്ന് വീട്ടിൽ വച്ച് ചെയ്ത് കാണിക്കാൻ ആവശ്യപ്പെടാം).

**ആക്റ്റിവിറ്റി 6 (എന്റെ കുടുംബ ചരിത്രം)**

താൻ തുടക്കവുമല്ല, ഒടുക്കവുമല്ല എന്ന് കുട്ടി തിരിച്ചറിയുന്നു. ഇവിടെ തന്റെ ജീവിതത്തിലൂടെ വിരിയുന്ന തന്റെ ചരിത്രം കുട്ടി രചിക്കുന്നു. ജനനവും ബാല്യവും കൗമാരവും കഴിഞ്ഞ ജീവിതത്തിന്റെ ചരിത്രമാണ്. തന്റെ യൗവനം എപ്രകാരമുള്ളതായിരിക്കണം എന്ന് കുട്ടി പദ്ധതി തയ്യാറാക്കുന്നു. തന്റെ കരിയർ എന്താണെന്നുൾപ്പടെയുള്ള കാര്യങ്ങൾ വേണം. കൂടാതെ തന്റെ ജീവിതവിളി എന്താണെന്നും ആലോചിച്ച് കണ്ടെത്തുന്നു. ഇതിന്റെ അവസാന ഭാഗത്ത് താൻ തന്റെ അനന്തര തലമുറയ്ക്ക് എന്ത് പാരമ്പര്യമാണ് കൈമാറുന്നത് എന്നും കുറിക്കുന്നു. (ഈ ആക്ടിവിറ്റി സമയമെടുത്ത് ചെയ്യേണ്ടതാണ്. അടുത്ത ദിവസങ്ങളിൽ പൂർത്തിയാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം കൊടുക്കുക. ഒന്നാം ദിവസം ക്ലാസ്സിൽ വച്ച് ചെയ്യേണ്ടതല്ല. ഒരു പക്ഷേ വിശ്വാസോത്സവത്തിന്റെ അവസാന ദിവസങ്ങളിൽ ഒരു ദിവസം ഇതിന്റെ അവതരണത്തിനായി സമയം നൽകാം).

## രണ്ടാം ദിനം

## ഇടവകപ്പള്ളി

**ആക്ടിവിറ്റി ഒന്ന്**

നസ്രാണിയായ എന്നെക്കുറിച്ച് ലഭിച്ച തിരിച്ചറിവ് - ഇടവക ദേവാലയത്തിൽ നിന്ന്

ദൈവാരാധനയും ദൈവീക ഉപദേശങ്ങളും സമ്പന്നമാക്കിയ ഞായറാഴ്ചകൾ - ദൈവാലയം സൺഡേ സ്കൂൾ

ദൈവികത നിറഞ്ഞുനിൽക്കുന്ന ആഘോഷങ്ങൾ - ഇടവക ദേവാലയം, ഇടവക കൂട്ടായ്മ

വിവിധ കഴിവുകൾ വികസിപ്പിച്ചു വളരാൻ ലഭിച്ച സാഹചര്യം - യുവദീപ്തി മിഷൻലീഗ് സംഘടനകൾ

വിശുദ്ധരുടെ കൂട്ടായ്മയിൽ പങ്കാളിത്തം, ദൈവഭവനത്തിലെ താമസക്കാരൻ - ഇടവകയിലെ വിശ്വാസജീവിതം

മനസാക്ഷി രൂപപ്പെടുത്തിയ ദിവ്യ വചനങ്ങൾ - ഇടവക ജീവിതം, ദൈവാലയത്തിൽ നിന്ന്

ആത്മീയ ബോധത്തിന് ലഭിച്ച പക്വത - സൺഡേസ്കൂൾ

ആത്മാവിന് ലഭിച്ച ശക്തി - പരിശുദ്ധ കൂദാശകൾ

സാമൂഹ്യ സേവന തൽപരത - സംഘടനയിലെ പ്രവർത്തനത്തിൽ നിന്ന്

ശരിയായ തീരുമാനങ്ങൾ എടുക്കാൻ ശക്തി, തെറ്റുകൾ വിട്ടൊഴിയാൻ ധൈര്യം - വിശുദ്ധ കുർബാനയിൽ നിന്ന്

തിരുത്തലുകളും സ്വീകാര്യതയും - ഇടവക സമൂഹത്തിൽ നിന്ന്

എനിക്ക് വീണ്ടും ഒരു അമ്മയെ ലഭിച്ചത് - തിരുസഭ

**ആക്ടിവിറ്റി 2**

തന്നിരിക്കുന്ന ഓരോ സ്ഥലങ്ങളിലൂടെയും നടക്കുന്നു .... ഒരു സ്ഥലത്ത് എത്തുന്നതിനു മുൻപ് അതിനെക്കുറിച്ച് അധ്യാപകൻ വിവരിക്കുന്നു .... തുടർന്ന് കുട്ടികൾ അവിടെ എത്തുന്നു .... ആ പ്രത്യേക സ്ഥലം, സാഹചര്യം എന്താണ് തന്നോട് വ്യക്തിപരമായി സംസാരിക്കുന്നതെന്ന് നിശബ്ദമായി ചിന്തിക്കുന്നു .... എഴുതുന്നു.

**ആക്ടിവിറ്റി 4**

**ഉദാഹരണം** : (1) പ്രാർത്ഥനാ ശീലം, സ്നേഹം, ക്ഷമ, സേവന മനോഭാവം

(2) ക്ഷമിക്കാൻ പഠിച്ചത്, ഉത്തരവാദിത്വബോധം, വിശ്വാസ ധൈര്യം ബാക്കി.

എല്ലാ ആക്ടിവിറ്റികളും കുട്ടികൾ സാഹചര്യത്തെ അപഗ്രഥിച്ച് സ്വന്തമായി കണ്ടെത്തി എഴുതേണ്ടവയാണ്.

## മൂന്നാം ദിവസം

## ബേസ്മാമ്മോദീസാ

**ചർച്ച**

കൂദാശകൾ ഒരു ആത്മീയ ആഘോഷം മാത്രമല്ല ദൈവത്തിന്റെ പ്രവൃത്തിയാണ്. ഈശോയിലൂടെ ഈശോയെ പോലെ ആകാനും മഹത്വമുള്ള ദൈവമക്കൾ ആകാനുമാണ് കൂദാശകൾ നൽകപ്പെട്ടിരിക്കുന്നത്. കൂദാശ എന്നതിന്റെ വാച്യാർത്ഥം അർത്ഥം തന്നെ 'വിശുദ്ധമായത്' എന്നാണ്. ഈശോ സ്ഥാപിച്ച അദൃശ്യയാഥാർത്ഥ്യത്തിന്റെ ദൃശ്യമായ അടയാളമാണ് കൂദാശ. അവയിലൂടെ ദൈവത്തിന്റെ സുഖപ്പെടുത്തുന്നതും ക്ഷമിക്കുന്നതും പോഷിപ്പിക്കു

ന്നതും ശക്തിപ്പെടുത്തുന്നതുമായ സാന്നിധ്യം അനുഭവിക്കാൻ അവിടുത്തെ കൃപാവരം അതിൽ പ്രവർത്തിക്കുന്നു. അങ്ങനെയെങ്കിൽ ലൗകികതയുടെയും സുഖലോലുപതയുടെയും ആഡംബര അടയാളങ്ങളും ഭൗമികമായി മാത്രം ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതുമായ ശൈലികളും മറ്റും എങ്ങനെ നമുക്ക് ഇതിൽ കൂട്ടിക്കുഴയ്ക്കാൻ കഴിയും ? തിൻമ തന്നെയായ ലഹരി ഉപയോഗിക്കുക വഴി ആ ഭവനത്തിൽ, വ്യക്തിയിൽ വന്ന കൃപാവരത്തെ ആട്ടിയോടിക്കുകയല്ലേ നമ്മൾ ചെയ്യുന്നത് ? ശരീര പ്രദർശനം സാധ്യമാക്കുന്ന വസ്ത്രധാരണത്തിലൂടെയും അമിതമായി ആഭരണങ്ങൾ ധരിക്കുന്നതിലൂടെയും സ്വർഗ്ഗത്തിലേക്ക് ചിന്തകൾ ഉയർത്താൻ ഉള്ള പ്രേരണ ലഭിക്കുകയാണോ അതോ തടസ്സപ്പെടുകയാണോ ചെയ്യുക ? ആഡംബര പ്രദർശനങ്ങൾ കൂടുമ്പോൾ അതിൽ തന്നെ ആന്തരിക ഒരുക്കം വളരെ തീർത്തും ചുരുങ്ങിപ്പോയി എന്ന വ്യക്തമല്ലേ ?

**ആക്ടിവിറ്റി 1**

അപ്പ. പ്രവ. 8 : 12-13
അപ്പ. പ്രവ. 18 : 8
റോമ 6 : 3
മത്താ. 28 : 20
മർക്കോ. 1 : 4
ലൂക്കാ 7 : 29

ഈശോയുടെ മാമ്മോദീസാ മത്താ. 3 : 13-17, മർക്കോ. 1 : 9-15, ലൂക്കാ 3 : 21 -22

യോഹന്നാൻ മാംദാനയുടെ മാമ്മോദീസാ (അനുതാപത്തിന്റെ മാമ്മോദീസാ) മത്താ. 3 : 1 -6

മർക്കോസ് 1 : 4 -5, ലൂക്കാ 3 : 3 -16

**ആക്ടിവിറ്റി 2**

കുട്ടികളുടെ പേരിന് കാരണമായിരിക്കുന്ന വിശുദ്ധന്റെയോ വിശുദ്ധയുടെയോ ജീവചരിത്രം എഴുതുക. വീട്ടിൽ നിന്നും എഴുതി തയ്യാറാക്കി വരേണ്ടതാണ്.

**ആക്ടിവിറ്റി 3**

പൂർത്തിയാക്കാനുള്ള ഭാഗങ്ങൾ മാതാപിതാക്കളുടെ സഹായത്തോടെ എഴുതുക.

**ആക്ടിവിറ്റി 4**

| **കർമ്മം** | **വചനഭാഗം** | **അർത്ഥം** |
|---|---|---|
| കിരീടം നല്കുന്നു | യാക്കോ1 : 12 | സ്വർഗ്ഗത്തിലെ സമ്മാനം |
| വെള്ള വസ്ത്രം ധരിപ്പിക്കുന്നു | വെളി. 3 : 5 | മിശിഹായെ ധരിക്കുന്നു |
| കത്തിച്ച തിരി നല്കുന്നു | യോഹ. 8 : 12 | ലോകത്തിന്റെ പ്രകാശമായ ഈശോ എന്റെ വെളിച്ചം |

**ആക്ടിവിറ്റി 5**

**റൂഹായുടെ ദാനങ്ങൾ**

**ജ്ഞാനം** – ദൈവത്തിന്റെ കണ്ണുകൾകൊണ്ട് കാര്യങ്ങൾ കാണാൻ, സത്യം തിരിച്ചറിയാൻ

**ബുദ്ധി** – വിശ്വാസസത്യങ്ങളെ ആഴത്തിൽ ഗ്രഹിക്കാനും മനസ്സിലാക്കാനും.

**അറിവ്** – സൃഷ്ടികളിലൂടെ ദൈവത്തെ തിരിച്ചറിയാൻ, ലൗകികകാര്യങ്ങളെ ദൈവിക പ്രകാശത്തിൽ കാണാൻ.

**ആലോചന** – ശരിയായ തീരുമാനങ്ങൾ എടുക്കാൻ, ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിയാൻ, തിന്മയിൽ നിന്ന് അകലാൻ.

**ആത്മശക്തി** – പ്രതിസന്ധികളിലും വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും കഷ്ടതകളെ നേരിടാനും.

**ഭക്തി** – ദൈവത്തോടുള്ള സ്നേഹവും ആശ്രയത്വവും വളർത്താൻ.

**ദൈവഭയം** – ദൈവത്തെ വേദനിപ്പിക്കുമോ എന്ന ഭയത്താൽ, പാപത്തിൽ നിന്ന് അകന്ന് നിൽക്കാൻ.

**ആക്ടിവിറ്റി 5 (a)**

ജ്ഞാനം + ഞാൻ = സ്നേഹം, ദയ, ആനന്ദം

ബുദ്ധി + ഞാൻ = സമാധാനം, നന്മ, പ്രത്യാശ

അറിവ് + ഞാൻ = സൗമ്യത, ഔദാര്യം, എളിമ

ആലോചന + ഞാൻ = ആനന്ദം, സമാധാനം, വിശുദ്ധി

ആത്മശക്തി + ഞാൻ = ക്ഷമ, അടക്കം, സഹനശീലം

ഭക്തി + ഞാൻ = വിശ്വസ്തത, സമാധാനം, സ്നേഹം

ദൈവഭയം + ഞാൻ = ആത്മസംയമനം, ചാരിത്ര്യം, അടക്കം

**ആക്ടിവിറ്റി 6**

ഈ ഓരോ സാഹചര്യത്തിലും, ആ തിൻമ ചെയ്യില്ല എന്ന് മാത്രമല്ല, അതിനുള്ള സാഹചര്യങ്ങളെ, **ഉദാ** : കൂട്ടുകെട്ട് – ഒഴിവാക്കുമെന്നും, ഈ തിൻമയ്ക്ക് വിപരീതമായ നൻമയിലും പുണ്യ

ത്തിലും ആഴപ്പെടാനുള്ള പ്രവൃത്തികൾ ചെയ്യുമെന്ന ഉറച്ച തീരുമാനവും പ്രതിജ്ഞയും ഇവിടെ ഉണ്ടാകണം – **ഉദാ**: അനുദിന പാഠങ്ങൾ അന്നന്ന് തന്നെ നന്നായി പഠിക്കുന്നത്.

## നാലാം ദിവസം

## പള്ളിക്കൂടം

ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല. സുഭാ. 22 : 6

**പാഠം** : വിജ്ഞാനവും വിശ്വാസവും – കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ വിപ്ലവം. ഈ പാഠം എടുക്കുമ്പോൾ കുട്ടികളോട് അവരുടെ സ്കൂളിലെ വൈദികരുടെയോ സിസ്റ്റർമാരുടെയോ സേവനങ്ങളെക്കുറിച്ച് ചോദിക്കുന്നത് നന്നായിരിക്കും. കൂടാതെ, സയൻസ് പഠിക്കുമ്പോൾ അത് ദൈവത്തിന്റെ അത്ഭുതങ്ങളെ അടുത്തറിയാനുള്ള അവസരമായി കാണാൻ അവരെ പ്രോത്സാഹിപ്പിക്കുക.

**ലക്ഷ്യങ്ങൾ** (Objectives)

° സഭയുടെ വിദ്യാഭ്യാസ ചരിത്രത്തെക്കുറിച്ച് (പ്രത്യേകിച്ച് കേരളത്തിൽ) ധാരണ നൽകുക.

° ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിൽ ക്രൈസ്തവ മിഷണറിമാരുടെ പങ്ക് പരിചയപ്പെടുത്തുക.

° സത്യസന്ധതയും സേവനമനോഭാവവുമുള്ള ഒരു പൗരനായി വളരാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക.

° വിജ്ഞാനത്തിന്റെ വിശുദ്ധി : അറിവ് എന്നത് കേവലം ജോലി ലഭിക്കാനുള്ള മാർഗ്ഗമല്ല, മറിച്ച് അത് ദൈവത്തെയും പ്രപഞ്ചത്തെയും കൂടുതൽ അറിയാനുള്ള വഴിയാണെന്ന് മനസ്സിലാക്കുക.

° സമൂഹത്തോടുള്ള കടപ്പാട് : സഭ നമുക്ക് നൽകിയ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗിച്ച് വളർന്ന നമ്മൾ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി എന്ത് ചെയ്യാൻ സാധിക്കുമെന്ന് ചിന്തിക്കുക.

° വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള പൊരുത്തം : ശാസ്ത്രവും വിശ്വാസവും പരസ്പര വിരുദ്ധമല്ലെന്നും, രണ്ടിന്റെയും ഉറവിടം ദൈവിക സത്യമാണെന്നും ബോധ്യപ്പെടുത്തുക.

° സഭയുടെ ഉത്തരവാദിത്തം: ഇന്ന് കേരളത്തിൽ കാണുന്ന ഉയർന്ന സാക്ഷരതയുടെയും പുരോഗതിയുടെയും അടിത്തറ സഭ പാകിയ വിദ്യാലയങ്ങളാണ്. അതിനാൽ ഈ പാരമ്പര്യം കാത്തു

സൂക്ഷിക്കേണ്ടത് ഓരോ കത്തോലിക്ക വിദ്യാർത്ഥിയുടെയും കടമയാണ്.

**ആക്ടിവിറ്റി 2**

**നവോത്ഥാനവും വിദ്യാഭ്യാസവും**

**ചർച്ചാ കുറിപ്പുകൾ :**

° അക്ഷരം വെളിച്ചം : 'അക്ഷരം ലോകത്തിന് വെളിച്ചമേകുന്നു' എന്ന ബോധ്യം സഭ പകർന്നത്.

° ജാതിഭേദമന്യേ വിദ്യ : എല്ലാവർക്കും വിദ്യാഭ്യാസം നൽകിയതിലൂടെ ജാതി വ്യവസ്ഥയെ മറികടന്ന രീതി.

° ഉച്ചഭക്ഷണം : 150 വർഷം മുൻപ് ചാവറയച്ചൻ വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകിയത് സാമൂഹിക നന്മയുടെ ഭാഗമായിരുന്നു.

° സഭയുടെ സ്കൂളുകൾ ഇല്ലായിരുന്നുവെങ്കിൽ ഇന്നത്തെ കേരളം എങ്ങനെയാകുമായിരുന്നു എന്ന് കുട്ടികളോട് ആരായാം.

° തൊഴിലധിഷ്ഠിത വിദ്യാഭ്യാസം : പുസ്തകത്തിലെ അറിവിനോടൊപ്പം തന്നെ ജീവിതവൃത്തിക്കുള്ള തൊഴിൽ പഠിപ്പിക്കാനും സഭ ശ്രദ്ധിച്ചു. കൈത്തറി, കൃഷി, അച്ചടി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്ന വിദ്യാലയങ്ങൾ ഇതിന്റെ ഭാഗമായി ഉയർന്നുവന്നു.

° അച്ചടിശാലകളും പാഠപുസ്തകങ്ങളും : കേവലം സ്കൂളുകൾ മാത്രമല്ല, പഠിക്കാൻ ആവശ്യമായ പുസ്തകങ്ങൾ അച്ചടിക്കാനുള്ള അച്ചടിശാലകളും (Printing Presses) സഭ സ്ഥാപിച്ചു. മാന്നാനത്ത് ചാവറയച്ചൻ സ്ഥാപിച്ച അച്ചടിശാല ഇതിന് വലിയ ഉദാഹരണമാണ്. മലയാള ഭാഷയുടെ വളർച്ചയ്ക്കും വ്യാകരണ ഗ്രന്ഥങ്ങളുടെ നിർമ്മാണത്തിനും ഇത് വലിയ പങ്കുവഹിച്ചു.

° ഉന്നത വിദ്യാഭ്യാസം (Higher Education): കേരളത്തിലെ ആദ്യത്തെ കോളേജുകളിലും പ്രൊഫഷണൽ കോളേജുകളിലും സഭയുടെ കൈമുദ്രയുണ്ട്. രാജ്യത്തെ തന്നെ മികച്ച ഐ.എ.എസ് ഓഫീസർമാരെയും ഡോക്ടർമാരെയും എഞ്ചിനീയർമാരെയും വാർത്തെടുക്കുന്നതിൽ സഭയുടെ വിദ്യഭ്യാസ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

**ആക്ടിവിറ്റി 3 :**

**ക്യാമ്പസ് എത്തിക്സ്** (അധ്യാപകൻ ശ്രദ്ധിക്കാൻ)

വിദ്യാർത്ഥികളുടെ വ്യക്തിപരമായ നിലപാടുകൾ ചോദിച്ചറി

യുക. താഴെ പറയുന്നവ ബോധ്യപ്പെടുത്തുക:

° കോപ്പിയടി : അത് സ്വന്തം കഴിവിനെ വഞ്ചിക്കുന്നതാണ്. സത്യസന്ധതയ്ക്കാണ് കൂടുതൽ മൂല്യം.

° സോഷ്യൽ മീഡിയ : മറ്റുള്ളവരെ അവഹേളിക്കുന്നതും വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതും ക്രൈസ്തവ വിരുദ്ധമാണ്. സ്നേഹപൂർണ്ണമായ പ്രതികരണമാണ് ആവശ്യം.

**ആക്ടിവിറ്റി 4 :**

**കരിയർ ആസ്പിരേഷൻസ്**

ഭരണരംഗത്തും സേവനരംഗത്തും സഭാംഗങ്ങൾ എത്തേണ്ട തിന്റെ ആവശ്യകത :

മിഷൻ ഗവൺമെന്റ് എന്നതുകൊണ്ട്, നമ്മുടെ കുട്ടികൾ ഗവൺ മെന്റ് പോസ്റ്റുകളിൽ എത്തുക വഴി, നമ്മുടെ സമൂഹത്തിന്റെ ജന സംഖ്യയും ബലവും ന്യായമായ അവകാശങ്ങളും സംരക്ഷിക്ക പ്പെടാനുള്ള വഴികൾ സുരക്ഷിതമാക്കുക എന്നാണ്. യുവജനത വിദേശത്തേയ്ക്ക്, വരുമാനം ലക്ഷ്യമാക്കി കുടിയേറുമ്പോൾ നമ്മുടെ സാന്നിധ്യവും വേരുകളും ദുർബലമാകുന്നു. ഇത് ഒഴിവാ ക്കാൻ നമ്മുടെ കുട്ടികൾ പ്രധാന സർക്കാർ തസ്തികകളിൽ എത്തി, അവരുടെ ജീവിതവും സമുദായ ബലവും ഒരേ സമയത്ത് സുരക്ഷിതമാകേണ്ടതുണ്ട്.

IAS/IPS : നിയമങ്ങൾ നീതിപൂർവ്വം നടപ്പിലാക്കാനും സമൂഹ ത്തിൽ വലിയ മാറ്റങ്ങൾ വരുത്താനും സാധിക്കും.

അധ്യാപകൻ : പുതിയൊരു തലമുറയെ ധാർമ്മികമായി വളർ ത്താൻ സാധിക്കും.

**ആക്ടിവിറ്റി 6 :**

**ശാസ്ത്രവും സഭയും തിരയാം കണ്ടെത്താം**

ഇതൊരു Follow up ആക്ടിവിറ്റിയായി നൽകിയാൽ മതിയാകും.

ശാസ്ത്ര ലോകത്ത് സഭ നൽകിയ സംഭാവനകൾ (കുട്ടികൾ ക്കുള്ള ഉത്തരങ്ങൾ) :

1. ഗ്രിഗർ മെൻഡൽ (Gregor Mendel) ജനിതക ശാസ്ത്രത്തിന്റെ പിതാവ്.
2. ജോർജ്ജ് ലെമൈറ്റർ (Georges Lemaître) ബിഗ് ബാങ് തിയറി അവതരിപ്പിച്ചു.
3. നിക്കോളാസ് കോപ്പർനിക്കസ് - അദ്ദേഹം സഭയിലെ ഒരു കാനൻ (Canon) ആയിരുന്നു.

4. നിക്കോളാസ് സ്റ്റെനോ (Nicholas Steno) ഭൂമിശാസ്ത്രത്തിന്റെ പിതാവ്.
5. ആഞ്ചലോ സെക്കി (Angelo Secchi) നക്ഷത്രങ്ങളെ വർണ്ണരാജി അനുസരിച്ച് തരംതിരിച്ചു.
6. ജിയോവന്നി ബാറ്റിസ്റ്റ റിക്കിയോളി (ഉൾപ്പെടെയുള്ള ജെസ്യൂട്ട് ശാസ്ത്രജ്ഞർ).
7. ഫ്രാൻസെസ്കോ മരിയ ഗ്രിമാൽഡി (Francesco Maria Grimaldi) ഡിഫ്രാക്ഷൻ (Diffraction) കണ്ടെത്തി.
8. ക്രിസ്റ്റഫർ ക്ലാവിസ് (Christopher Clavius) ഗ്രിഗോറിയൻ കലണ്ടർ പരിഷ്കരിച്ചു.
9. ബെനെഡെറ്റോ കാസ്റ്റെല്ലി (Benedetto Castelli).
10. റൊജീർ ബോസ്കോവിച്ച് (Roger Boscovich).
11. റെനെ ജസ്റ്റ് ഹൗയി (René Just Haüy) ക്രിസ്റ്റലോഗ്രാഫിയുടെ പിതാവ്.
12. ജെയിംസ് മക്കിൾവേൻ (James Macelwane).
13. റോജർ ബേക്കൺ (Roger Bacon) 'ഡോക്ടർ മിറാബിലിസ്'.
14. റോജർ ബോഷ്കോവിച്ച് (Roger Boscovich)
15. റോബർട്ടോ ലാൻഡൽ ഡി മൗറ (Roberto Landell de Moura).
16. ലിമിറ്റ് (Limit) സങ്കൽപ്പം - ജെസ്യൂട്ട് ഗണിതശാസ്ത്രജ്ഞർ (ഉദാ: ഗ്രെഗറി ഓഫ് സെന്റ് വിൻസെന്റ്).
17. ഫ്രാൻസെസ്കോ ലാന ഡി ടെർസി (Francesco Lana de Terzi).
18. അത്തനാസിയസ് കിർച്ചർ (Athanasius Kircher).
19. ജിയോവന്നി ഡൊമെനിക്കോ കാസിനി.
20. സ്റ്റീഫൻ ഹെയിൽസ് (സസ്യങ്ങളിലെ ശ്വസനപ്രക്രിയയെക്കുറിച്ച് പഠിച്ച പുരോഹിതൻ).

**ഉത്തരങ്ങൾ** :

° ഗ്രിഗർ മെൻഡൽ (Gregor Mendel) : പയർ ചെടികളിലെ സങ്കരണ പരീക്ഷണങ്ങളിലൂടെ പാരമ്പര്യ നിയമങ്ങൾ കണ്ടെത്തി.

° ജോർജ്ജ് ലെമെയ്റ്റർ (Georges Lemaître) : പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്നും അത് ഒരു ആദിബിന്ദുവിൽ നിന്ന് തുടങ്ങിയതാണെന്നും കണ്ടെത്തി.

° കാനൻ (Canon) : അദ്ദേഹം പോളണ്ടിലെ ഫ്രോവൻബർഗ് കത്തീഡ്രലിലെ 'കാനൻ' ആയിരുന്നു.

° നിക്കോളാസ് സ്റ്റെനോ (Nicolas Steno): ശിലാപാളികളുടെ രൂപീകരണത്തെക്കുറിച്ചുള്ള നിയമങ്ങൾ (Steno's Laws) ഇദ്ദേഹത്തിന്റേതാണ്.

° ആഞ്ചലോ സെക്കി (Angelo Secchi) : ആധുനിക ആസ്ട്രോഫിസിക്സിന്റെ സ്ഥാപകരിലൊരാളായി ഇദ്ദേഹം അറിയപ്പെടുന്നു.

° ഗിയോവാനി ബാറ്റിസ്റ്റ റിക്കിയോളിയും ഫ്രാൻസെസ്കോ മരിയ ഗ്രിമാൽഡിയും: ഇവരുടെ പേരുകളും ചന്ദ്രനിലെ ഗർത്തങ്ങൾക്ക് നൽകിയിട്ടുണ്ട്.

° ഫ്രാൻസെസ്കോ മരിയ ഗ്രിമാൽഡി (Francesco Maria Grimaldi) : പ്രകാശ ശാസ്ത്രത്തിലെ (Optics) വിപ്ലവകരമായ കണ്ടെത്തലായിരുന്നു ഇത്.

° ക്രിസ്റ്റഫർ ക്ലാവിസ് (Christopher Clavius) : പോപ്പ് ഗ്രിഗറി പതിമൂന്നാമന്റെ പ്രധാന ശാസ്ത്ര ഉപദേശകനായിരുന്നു ഇദ്ദേഹം.

° ബെനഡിക്ട് കാസ്റ്റെല്ലി (Benedetto Castelli): നദികളിലെ ജലപ്രവാഹത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾക്ക് തുടക്കമിട്ടു.

° റുജർ ബോഷ്കോവിച്ച് (Roger Boscovich): ഭൗതികശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതം എന്നീ മേഖലകളിൽ വലിയ സംഭാവനകൾ നൽകിയ വൈദികൻ.

° റെനെ ജസ്റ്റ് ഹൗവി (René Just Haüy): ക്രിസ്റ്റലുകളുടെ ആന്തരിക ഘടനയെക്കുറിച്ച് അദ്ദേഹം പഠിച്ചു.

° ജെയിംസ് ബി. മാക്കൽവെയിൻ (James B. Macelwane) : ഭൂകമ്പങ്ങളെക്കുറിച്ചുള്ള പഠനത്തിന് വലിയ സംഭാവനകൾ നൽകി.

° റോജർ ബേക്കൺ (Roger Bacon) : നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും മാത്രമേ സത്യം കണ്ടെത്താനാകൂ എന്ന് അദ്ദേഹം വാദിച്ചു.

° റോജർ ബോഷ്കോവിച്ച് (Roger Boscovich) : 1761 ലെ ശുക്രന്റെ സംതരണം (Transit of Venus) നിരീക്ഷിച്ചാണ് അദ്ദേഹം ഈ നിഗമനത്തിലെത്തിയത്.

° റോബർട്ടോ ലാൻഡൽ ഡി മൗറ (Roberto Landell de Moura) : റേഡിയോ തരംഗങ്ങൾ വഴി ശബ്ദം കൈമാറ്റം ചെയ്യുന്നതിൽ വിജയിച്ച ബ്രസീലിയൻ വൈദികൻ.

° ഗ്രെഗറി ഓഫ് സെന്റ് വിൻസെന്റ് (Gregoire de Saint-Vincent)

അദ്ദേഹം ഒരു ബെൽജിയൻ ജെസ്യൂട്ട് വൈദികനും ഗണിതശാസ്ത്രജ്ഞനുമായിരുന്നു.

**സംഭാവന** : കാൽക്കുലസ് എന്ന ഗണിതശാസ്ത്ര ശാഖ വികസിപ്പിച്ചെടുക്കുന്നതിന് മുൻപ് തന്നെ, വക്രരേഖകൾക്കുള്ളിലെ വിസ്തീർണ്ണം (Area under a curve) കണ്ടെത്തുന്നതിനായി അദ്ദേഹം 'ലിമിറ്റ്' എന്ന ആശയത്തിന് സമാനമായ രീതികൾ ഉപയോഗിച്ചിരുന്നു.

**പ്രാധാന്യം** : ഐസക് ന്യൂട്ടണും ലെയ്ബ്നീസും കാൽക്കുലസ് ഔദ്യോഗികമായി രൂപപ്പെടുത്തുന്നതിന് മുൻപ് തന്നെ അതിന്റെ അടിസ്ഥാന തത്വങ്ങൾ ചിന്തിച്ചെടുത്ത കത്തോലിക്കാ വൈദികനായിരുന്നു ഇദ്ദേഹം.

° സമുദ്രങ്ങളുടെ ആഴം അളക്കുന്ന ആദ്യകാല ഉപകരണം: ഫാദർ ഫ്രാൻസെസ്കോ ലാന ഡി ടെർസി (Francesco Lana de Terzi). (ഇദ്ദേഹം വായുക്കപ്പലിന്റെ പിതാവ് എന്നും അറിയപ്പെടുന്നു).

° പ്ലേഗ് രോഗം ബാക്ടീരിയ വഴിയാണെന്ന് നിരീക്ഷിച്ചത് : ഫാദർ അത്തനാസിയസ് കിർച്ചർ (Athanasius Kircher). ഇദ്ദേഹമാണ് മൈക്രോസ്കോപ്പ് ഉപയോഗിച്ച് രക്തത്തിലെ സൂക്ഷ്മജീവികളെ ആദ്യമായി നിരീക്ഷിച്ച ശാസ്ത്രജ്ഞരിൽ ഒരാൾ.

° ആദ്യത്തെ കൃത്യമായ ലോക ഭൂപടം (Map) തയ്യാറാക്കിയത് : ഫാദർ ജിയോവന്നി ഡൊമെനിക്കോ കാസിനി (Giovanni Domenico Cassini). (ഇദ്ദേഹം ഒരു പ്രശസ്തനായ അസ്ട്രോണമർ കൂടിയായിരുന്നു).

° ചെടികളിലെ 'റെസ്പിരേഷൻ' (ശ്വസനപ്രക്രിയ) കണ്ടെത്തിയത് : ഫാദർ സ്റ്റീഫൻ ഹെയിൽസ് (Stephen Hales). സസ്യങ്ങളുടെ വളർച്ചയെക്കുറിച്ചും രക്തസമ്മർദ്ദത്തെക്കുറിച്ചും പഠിച്ചു.

## **ഉപസംഹാരം** (Conclusion)

ക്ലാസ് അവസാനിപ്പിക്കുമ്പോൾ 'എന്റെ പ്രതിജ്ഞ' എന്ന ഭാഗം ഉച്ചത്തിൽ വായിച്ച് കുട്ടികളെക്കൊണ്ട് ഏറ്റുചൊല്ലിക്കുക. അറിവിനൊപ്പം ആത്മീയതയും ചേരുമ്പോഴാണ് ഒരു വിദ്യാർത്ഥി പൂർണ്ണനാകുന്നത് എന്ന് ഓർമ്മിപ്പിക്കുക.

കുട്ടികളിൽ ഈ പാഠഭാഗം ആഴത്തിൽ പതിപ്പിക്കാനും സഹായിക്കുന്ന ചില ടിപ്സുകൾ താഴെ നൽകുന്നു:

**1. ലളിതമായ ഉദാഹരണങ്ങൾ ഉപയോഗിക്കുക** (Analogies)

° വിശ്വാസവും ശാസ്ത്രവും : വിശ്വാസവും ശാസ്ത്രവും ഒരു

പക്ഷിയുടെ രണ്ട് ചിറകുകൾ പോലെയാണെന്ന് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കാം. ഒരു ചിറകുമാത്രം ഉപയോഗിച്ച് പക്ഷിക്ക് പറക്കാൻ കഴിയില്ല. അതുപോലെ, ലോകത്തെ മനസ്സിലാക്കാൻ ശാസ്ത്രവും ജീവിതത്തിന് അർത്ഥം നൽകാൻ വിശ്വാസവും വേണം.

° പള്ളിക്കൂടം എന്ന പവിത്രത : നമ്മുടെ ഫോണിലെ 'ബാറ്ററി' ചാർജ് ചെയ്യുന്നത് പള്ളിയിൽ നിന്നാണെങ്കിൽ, ആ ഊർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 'ആപ്പുകൾ' ആണ് പള്ളിക്കൂടത്തിൽ നിന്ന് ലഭിക്കുന്ന അറിവ് എന്ന് കുട്ടികളോട് പറയാം.

**2. ക്രിയേറ്റീവ് പ്രവർത്തനങ്ങൾ** (Creative Activities)

° റോൾ പ്ലേ (Role Play) : ചാവറയച്ചൻ പള്ളിക്കൂടം തുടങ്ങാൻ കല്പന നൽകുന്നതോ, സഭയുടെ വിദ്യാഭ്യാസ അവകാശങ്ങൾക്കായി പോരാടിയ മെത്രാന്മാരുടെ ജീവിതത്തിലെ പ്രധാന നിമിഷങ്ങളോ ചെറിയ നാടകമായി അവതരിപ്പിക്കാം.

° സയൻസ് & ഫെയ്ത്ത് ചാർട്ട് : പാഠപുസ്തകത്തിലെ 20 ശാസ്ത്രജ്ഞരുടെ പട്ടിക ഉപയോഗിച്ച് ഒരു വലിയ ചാർട്ട് നിർമ്മിക്കാൻ കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കാം. ഓരോ ഗ്രൂപ്പും ഓരോ ശാസ്ത്രജ്ഞനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കട്ടെ.

° IAS/IPS ഇന്റർവ്യൂ: കരിയർ സംബന്ധമായ ഭാഗം പഠിപ്പിക്കുമ്പോൾ, ഒരു വിദ്യാർത്ഥിയെ 'IAS ഓഫീസർ' ആയി ഇരുത്തി മറ്റുള്ളവർ ചോദ്യങ്ങൾ ചോദിക്കുന്ന രീതിയിൽ ഒരു മോക്ക് ഇന്റർവ്യൂ നടത്താം. 'നിങ്ങൾ ഒരു IAS ഓഫീസർ ആയാൽ നിങ്ങളുടെ ഇടവകയിലെ പാവപ്പെട്ട കുട്ടികൾക്കായി എന്ത് ചെയ്യും ? 'എന്നൊക്കെയുള്ള ചോദ്യങ്ങൾ അതിൽ ഉൾപ്പെടുത്താം.

**3. മൂല്യബോധം വളർത്താൻ** (Character Building)

° സത്യസന്ധതയുടെ പെട്ടി (Integrity Box) ക്ലാസ്സിൽ ഒരു ചെറിയ പെട്ടി വെക്കുക. കുട്ടികൾക്ക് അവരുടെ ജീവിതത്തിൽ സത്യസന്ധത പാലിച്ച നിമിഷങ്ങൾ (ഉദാഹരണത്തിന്: വഴിയിൽ നിന്ന് കിട്ടിയ പണം തിരികെ നൽകിയത്, കോപ്പിയടിക്കാതെ പരീക്ഷ എഴുതിയത്) അജ്ഞാതമായി എഴുതി ഇടാൻ പറയാം. പൊതുവായി ഇത് വായിക്കാം.

° ഡിജിറ്റൽ മാന്യത : സോഷ്യൽ മീഡിയയിൽ സഭയെയോ അധ്യാപകരെയോ അധിക്ഷേപിക്കുന്ന പോസ്റ്റുകൾ കാണുമ്പോൾ എങ്ങനെ മാന്യമായി പ്രതികരിക്കണം എന്നതിനെക്കുറിച്ച് ഒരു ഗ്രൂപ്പ് ഡിസ്കഷൻ നടത്താം.

**4. 'പള്ളിക്കൂടം' സന്ദർശനം** (Experiential Learning)

° സാധ്യമാണെങ്കിൽ, നിങ്ങളുടെ ഇടവകയുടെ കീഴിലുള്ള പഴയ ഒരു സ്കൂൾ സന്ദർശിക്കുകയോ ആ സ്കൂളിന്റെ ചരിത്രം കുട്ടികൾക്ക് പറഞ്ഞു കൊടുക്കുകയോ ചെയ്യുക. സഭയുടെ വിദ്യാഭ്യാസരംഗത്തെ വളർച്ച നേരിട്ട് കാണാൻ ഇത് സഹായിക്കും.

**5. പ്രാർത്ഥനയിലൂടെയുള്ള പഠനം**

° പാഠപുസ്തകത്തിലെ 'അറിവിന്റെ ഉറവിടം' (Activity 2) എന്ന ഭാഗം ചെയ്യുമ്പോൾ, പഠനം തുടങ്ങുന്നതിന് മുൻപ് ചൊല്ലാൻ ലളിതമായ ഒരു പ്രാർത്ഥന കുട്ടികളെക്കൊണ്ട് തന്നെ എഴുതിക്കാം. ഇത് പഠനത്തെ ഒരു 'ആരാധന'യായി കാണാൻ അവരെ സഹായിക്കും.

**6. സഭയുടെ സമകാലിക ഇടപെടലുകൾ**

° ഇന്ന് ലോകമെമ്പാടും സഭ നടത്തുന്ന വിദ്യാലയങ്ങളുടെയും സർവ്വകലാശാലകളുടെയും എണ്ണം (ഏകദേശം 1.5 ലക്ഷത്തിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ) കുട്ടികളോട് പറയുക. നമ്മൾ ഒരു ആഗോള കുടുംബത്തിന്റെ ഭാഗമാണെന്ന അഭിമാനം അവരിൽ വളർത്താൻ ഇത് സഹായിക്കും.

## അഞ്ചാം ദിവസം
## കുമ്പസാരക്കൂട്

**ആക്ടിവിറ്റി 1**

യോഹ. 20 : 22 –23

**ചോദ്യം 1** – ഈശോ തന്നെയാണ് കുമ്പസാരകൂദാശ സ്ഥാപിച്ചത്. ഉത്ഥാനദിനത്തിൽ അവിടുന്നു തന്റെ ശിഷ്യന്മാർക്കു കാണപ്പെട്ടു. ''നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിപ്പിക്കപ്പെട്ടിരിക്കും. എന്നിങ്ങനെ കല്പിക്കുകയും ചെയ്തപ്പോൾ അവ സ്ഥാപിതമായി.

**ചോദ്യം 2** – ദൈവത്തിന് മാത്രമേ പാപങ്ങൾ ക്ഷമിക്കാൻ കഴിയൂ. ഈശോ ദൈവത്തിന്റെ പുത്രനായതുകൊണ്ട് മാത്രമാണ് ''നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്നു പറയാൻ കഴിഞ്ഞത്. പാപങ്ങൾ മോചിക്കാനുള്ള അധികാരം ഈശോ നല്കിയതുകൊണ്ട് മാത്രമാണ്, വൈദികർക്ക് ഈശോയുടെ പ്രതിപുരുഷനെന്ന നിലയിൽ പാപങ്ങൾ മോചിക്കാൻ കഴിയുന്നത്.

കുമ്പസാരക്കൂട്ടിൽ ഇരിക്കുന്ന വൈദികൻ ഈശോയുടെ സ്ഥാനത്താണ്. അതിനാൽ നാം പാപങ്ങൾ ഏറ്റുപറയുന്നത് ഈശോയോടാണ്.

**ചോദ്യം 3** – ഇല്ല. ഒരു സാഹചര്യത്തിലും പാടില്ല. കുമ്പസാരത്തിന്റെ രഹസ്യം വ്യവസ്ഥാതീതമാണ്. കുമ്പസാരക്കൂട്ടിൽ വച്ച് മനസ്സിലാക്കിയ ഏതെങ്കിലും വിവരം മറ്റൊരു വ്യക്തിയോട് പറയുന്ന വൈദികൻ സഭാഭ്രഷ്ഠനാക്കപ്പെടും. പോലീസിനോടു പോലും ഒരു വൈദികൻ എന്തെങ്കിലും പറയാനോ സൂചിപ്പിക്കാനോ പാടില്ല.

**ആക്ടിവിറ്റി 2**

ദൈവത്തോടുള്ള രമ്യത, സഹോദരങ്ങളോടുള്ള രമ്യത, തന്നോടുതന്നെ രമ്യത, പ്രപഞ്ചത്തോടുള്ള രമ്യത.

**ആക്ടിവിറ്റി 2**

**കുമ്പസാരത്തിനുള്ള ജപം**

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും പ്രധാന മാലഖയായ വിശുദ്ധ മിഖായലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും സകല വിശുദ്ധരോടും പിതാവേ, അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തു പോയി. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.

ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും വിശുദ്ധ സ്നാപകയോഹന്നോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമ്മായോടും സകല വിശുദ്ധരോടും പിതാവേ, അങ്ങയോടും നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് ഞാനപേക്ഷിക്കുന്നു. ആമ്മേൻ.

**10 കല്പനകൾ**

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിന്റെ തിരുനാമം വൃഥാ ഉപയോഗിക്കരുത്.
3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.

4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം
5. കൊല്ലരുത്
6. വ്യഭിചാരം ചെയ്യരുത്
7. മോഷ്ടിക്കരുത്
8. കള്ളസാക്ഷ്യം പറയരുത്
9. അന്യന്റെ ഭാര്യയെ മോഹിക്കരുത്
10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്

ഈ പത്തു കല്പനകളിൽ രണ്ടു കല്പനകൾ സംഗ്രഹിക്കാം.

1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.
2. തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കണം.

**മൂലപാപങ്ങൾ**

| | | |
|---|---|---|
| 1. അഹങ്കാരം | - | വിനയം |
| 2. ദ്രവ്യാഗ്രഹം | - | ഔദാര്യം |
| 3. മോഹം | - | അടക്കം |
| 4. കോപം | - | ക്ഷമ |
| 5. ഭോജനപ്രിയം | - | മിതഭോജനം |
| 6. അസൂയ | - | ഉപവി |
| 7. അലസത | - | ഉത്സാഹം |

ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന 4 പാപങ്ങൾ

1. മനപൂർവ്വം കൊലപാതകം ചെയ്യുന്നത്
2. പ്രകൃതി വിരുദ്ധമായ പാപം ചെയ്യുന്നത്
3. ദരിദ്രരെയും അനാഥരെയും വിധവകളെയും പീഢിപ്പിക്കുന്നത്
4. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുന്നത്.

**പരിശുദ്ധാരൂപിക്കെതിരായ പാപങ്ങൾ**

1. മോക്ഷം കിട്ടുകയില്ലെന്നുള്ള വിചാരം (നിരാശ).
2. സത്പ്രവൃത്തി കൂടാതെ മോക്ഷം പ്രാപിക്കാമെന്ന മിഥ്യാപ്രതീക്ഷ.
3. ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും അതിനെ നിഷേധിക്കുന്നത്.
4. അന്യരുടെ നന്മയിലുള്ള അസൂയ
5. പാപം ചെയ്തതിനുശേഷം അനുതപിക്കാതെ പാപത്തിൽ തന്നെ ജീവിക്കുന്നത്.

6. അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടു കൂടി മരിക്കുന്നത്.

**ആക്ടിവിറ്റി 4**

**മനസ്താപപ്രകരണം**

എന്റെ ദൈവമേ, ഏറ്റം നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേയ്ക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ) യിരിക്കുന്നു ആമ്മേൻ.

**ആക്ടിവിറ്റി 5**

പ്രായശ്ചിത്ത പ്രവൃത്തികൾ, CCC 2447, പ്രാർത്ഥന, കാഴ്ചയർപ്പണം, (ദിവ്യബലി), ജീവകാരുണ്യപ്രവൃത്തികൾ, സത്കൃത്യങ്ങൾ, ആത്മപരിത്യാഗം.

നാളത്തെ പ്രദക്ഷിണത്തിൽ അലങ്കരിക്കാനും ഉപയോഗിക്കാനുമുള്ള വസ്തുക്കൾ കൊണ്ടുവരാൻ ഇന്ന് ഓർമ്മിപ്പിക്കുക.

## ആറാം ദിവസം

## തിരുനാളുകൾ

എല്ലാ ഗ്രൂപ്പിനും നാല് ഫുൾ ഷീറ്റ് വീതം കളർ പേപ്പർ നൽകുന്നു. ആ കളർ പേപ്പർ കീറി വളയങ്ങൾ ഉണ്ടാക്കി തമ്മിൽ കോർത്ത്, ആ ചങ്ങല കൊണ്ട് ഒരു തീം സൃഷ്ടിക്കുന്ന ഗ്രൂപ്പിന് പോയിന്റ്. ഒറ്റ ചങ്ങലയെ ഒരു ഗ്രൂപ്പിൽ പാടുള്ളൂ. പല ചങ്ങലകൾ ഇല്ല. നീണ്ട ഒറ്റചങ്ങല കൊണ്ടാണ് തീം സൃഷ്ടിക്കേണ്ടത് ഏറ്റവും വലിയ ചങ്ങല, അർത്ഥവത്തായ തീം ഇവയ്ക്ക് ബോണസ് പോയിന്റ് കൊടുക്കുക.  ഈ ചെയിൻ പാഠത്തിന്റെ അവസാനം നടത്തുന്ന പ്രദക്ഷിണത്തിലെ അലങ്കാരത്തിനായി ഉപയോഗിക്കാം.

ഇടവക കൂട്ടായ്മയുടെ ഐക്യത്തിന്റെയും ബന്ധത്തിന്റെയും

പ്രകാശനമായ ഇടവക തിരുന്നാൾ, ലോകത്തിന് സുവിശേഷ സാക്ഷ്യമാകണം, ഇടർച്ചകൾ ആകരുത്. ഞെരുക്കമനുഭവിക്കുന്നവരും എളിയവരും ഒറ്റപ്പെട്ടവരും സമ്പന്നരും എല്ലാം ഒന്നിച്ച് ഒരേ മനസ്സോടെ ആദിമ സഭയുടെ ചൈതന്യത്തിൽ വരുമ്പോഴാണ് അത്, തിരുനാൾ ആഘോഷിക്കാൻ നമ്മോട് കല്പിച്ച ദൈവത്തിന് പ്രീതികരമാകുന്നത്.

നമുക്കുള്ളതിൽ നിന്ന്, നല്കാൻ പറ്റുന്നതെല്ലാം (പണം, സമയം, ആരോഗ്യം, പ്രാർത്ഥന, സാന്നിധ്യം, ശുശ്രൂഷ) നല്കി, ഇടവക കുടുംബത്തിന്റെ കൂട്ടായ്മയുടെ സന്തോഷ പ്രകടനമായ തിരുനാൾ നമ്മൾ മികച്ചതായി കൊണ്ടാടണം.

**ആക്ടിവിറ്റി 1**

| **തിരുനാളുകൾ** | **ആരുടെ / സന്ദേശം** |
|---|---|
| ദനഹാ | ഈശോയുടെ മാമ്മോദീസാ |
| പെസഹാ വ്യാഴം | ഈശോ അന്ത്യ അത്താഴം ഭക്ഷിച്ച് പൗരോഹിത്യവും പരി. കുർബാനയും സ്ഥാപിച്ചത് |
| ഉയിർപ്പ് | ഈശോ മരണത്തെയും തിൻമയെയും കീഴടക്കി ഉയിർത്തത് |
| പന്തക്കുസ്താ | ഈശോയുടെ വാഗ്ദാനമായ പരിശുദ്ധ റൂഹാ, തിരുസഭയിൽ ആദ്യമായി ആവസിച്ചത് |
| ദുക്റാന | മാർത്തോമ്മാശ്ലീഹാ- ഭാരതത്തിൽ സുവിശേഷം എത്തിച്ച് നമ്മുടെ സഭ സ്ഥാപിച്ചതിന്റെ ഓർമ്മ |
| സ്വർഗ്ഗാരോഹണം | ഉത്ഥിതനായ ഈശോ പിതാവിന്റെ പക്കലേക്ക് പോയത് |
| സ്വർഗ്ഗാരോപണം | പരിശുദ്ധ അമ്മ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടത് |
| സെപ്.8 | പരിശുദ്ധ അമ്മയുടെ ജൻമദിനം |
| സെപ്. 14 | വി. കുരിശിന്റെ പുകഴ്ച |
| ഡിസം. 8 | പരിശുദ്ധ അമ്മയുടെ അമലോത്ഭവം |
| മാർച്ച് 19 | മാർ യൗസേപ്പിന്റെ മരണത്തിരുനാൾ |
| ഇടവക തിരുനാൾ | ഇടവക മധ്യസ്ഥ / മധ്യസ്ഥന്റെ ഓർമ്മ ദിനം |

## ആക്ടിവിറ്റി 2

| തിരുനാൾ / ദിനം | വചനഭാഗം | ആഘോഷ / ആചരണ രീതികൾ |
|---|---|---|
| പെസഹാ തിരുനാൾ | ലേവ്യ 23: 5-8 | 7 ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം, 1, 7 ദിവസങ്ങളിൽ വിശുദ്ധ സമ്മേളനം, കഠിനാധ്വാനം വേണ്ട, 7 ദിവസവും ദഹനബലിയർപ്പണം. |
| ആദ്യഫലത്തിരുനാൾ | ലേവ്യ 23: 10- 14 | കൊയ്ത്തിലെ ആദ്യകറ്റ പുരോഹിത സമക്ഷം സമർപ്പണം, അതിന്റെ നീരാജനം, ഊനമറ്റ മുട്ടാടിന്റെ ദഹനബലി സൗരഭ്യധാന്യബലി, പാനീയബലി ഈ കാഴ്ചകൾ സമർപ്പിക്കും വരെ അപ്പമോ മലരോ കതിരോ ഭക്ഷിക്കാതിരിക്കുക |
| ആഴ്ചകളുടെ തിരുനാൾ | ലേവ്യ 23:15-21 | ഏഴ് പൂർണ്ണ ആഴ്ചകൾ കഴിഞ്ഞു വരുന്ന അൻപതാം ദിവസം പുതിയ ധാന്യങ്ങൾ കൊണ്ട് ധാന്യബലി, അപ്പത്തിന്റെ നീരാജനം ഒരു വയസുള്ള 7 ചെമ്മരിയാട്ടിൻകുട്ടി, ഒരു കാളക്കുട്ടി, 2 മുട്ടാട് ഇവയുടെ ദഹനബലി ഒരു കോലാട്ടിൻമുട്ടൻ - പാപപരിഹാരബലി 2 ആട്ടിൻ കുട്ടികൾ - സമാധാനബലി, വിശുദ്ധ സമ്മേളനം, കഠിനാധ്വാനത്തിൽ നിന്ന് ഒഴിവ്. |
| കൂടാരത്തിരുന്നാൾ | ലേവ്യ 23: 34- 42 | 1, 8 ദിവസങ്ങളിൽ വിശുദ്ധ സമ്മേളനം, 7 ദിനവും ദഹനബലി ഒന്നാം ദിനം ഭംഗിയുള്ള പഴങ്ങൾ, ഈന്തപ്പനയോല, ഇലതൂർന്ന ചില്ലകൾ, ആറ്റരളിക്കൊമ്പുകൾ ഇവയെടുത്ത് പ്രദക്ഷിണം, 7 ദിവസങ്ങളിൽ കൂടാരങ്ങളിൽ വസിക്കുന്നു. |
| സാബത്ത് | ലേവ്യ 23:3 | സമ്പൂർണ്ണ വിശ്രമം, വിശുദ്ധ സമ്മേളനം |

| | | |
|---|---|---|
| | | ജോലികൾ ഒന്നും പാടില്ല |
| പുതുവത്സരദിനം | ലേവ്യ 23:24-25 | കാഹളം മുഴക്കണം, അനുസ്മ രണ ദിനം, വിശുദ്ധ സമ്മേളനം, ദഹനബലി, കഠിനജോലി ഒഴിവാക്കുന്നു |
| പാപപരിഹാരദിനം | ലേവ്യ 23:27-32 | വിശുദ്ധ സമ്മേളനം, ഉപവാസം, ദഹനബലി, ജോലികൾ പാടില്ല, പൂർണ്ണവിശ്രമം, സാബത്ത് |

**ആക്ടിവിറ്റി 3**

| **തിരുനാൾ** | **വചനഭാഗം** | **പ്രവൃത്തി / സന്ദേശം** |
|---|---|---|
| പെസഹാ | ലൂക്കാ 22:7-14 | പുതിയ ഉടമ്പടി സ്ഥാപനം, പൗരോഹിത്യം, പരി. കുർബാന എന്നീ കൂദാശകൾ സ്ഥാപിച്ചു, സ്വന്തം ശരീരരക്തങ്ങൾ വിഭജിച്ചുനല്കി ശിഷ്യരുടെ പാദം കഴുകി (യോഹ 13:4-5) |
| കൂടാരത്തിരുനാൾ | യോഹ7 : 2, 10, 14, 37 | 'ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ', താൻ നല്കാനിരിക്കുന്ന പരി. റൂഹായെ വെളിപ്പെടുത്തി. |
| പ്രതിഷ്ഠയുടെ തിരുനാൾ | യോഹ 10 : 22-30 | 'ഞാൻ ആടുകൾക്ക് നിത്യ ജീവൻ നൽകുന്ന ഇടയൻ', 'ഞാൻ ദൈവപുത്രൻ', 'ഞാനും പിതാവും ഒന്നാകുന്നു'. |

**ആക്ടിവിറ്റി 4**

**റാസകുർബാന**

**പരിശുദ്ധ കുർബാനയുടെ ഏറ്റം ആഘോഷമായ രൂപം**

രക്ഷാകരരഹസ്യങ്ങളെ ഏറ്റവും ആഘോഷമായ തലത്തിൽ, വിശദാംശങ്ങൾ പോലും അനുസ്മരിക്കാൻ സഹായിക്കുന്ന രീതിയിൽ കൊണ്ടാടുന്നു. ആമുഖശുശ്രൂഷ, വചനശുശ്രൂഷ, ഇവ എറ്റവും ആഘോഷമായി അർപ്പിക്കുന്നു. ആർച്ച് ഡീക്കൻ, ഡീക്കൻമാർ ഇവരുടെ സാന്നിധ്യവും ശുശ്രൂഷകളും, സ്ലീവാ ചുംബനം, മദ്ബഹാ

ഗീതം, തുർഗാമകൾ, കാർമ്മികൻ, ആർച്ച് ഡീക്കൻ, ഡീക്കൻമാർ ഇവരുടെ വിരിപ്പു ചുംബനം, കാർമ്മികന്റെ സാഷ്ടാംഗ പ്രണാമം, രണ്ട് റൂഹാക്ഷണ പ്രാർത്ഥനകൾ, പ്രാർത്ഥനകൾ ഗാനരൂപത്തിൽ ഉപയോഗിക്കുന്നു.

**പ്രസുദേന്തി തിരുനാൾ ഏൽക്കുന്ന ക്രമം**

വ്യക്തിക്ക് മുന്നിൽ വികാരിയച്ചൻ സുവിശേഷം വായിക്കുന്നു, വി. ഗ്രന്ഥം ചുംബിപ്പിക്കുന്നു. കിരീടം ധരിപ്പിക്കുന്നു. തിരി കത്തിച്ച് നൽകുന്നു.

**ആക്ടിവിറ്റി 5**

ധ്യാനം, കുമ്പസാരം, കൊടിയേറ്റ്, റാസകുർബാന, പ്രസംഗം, മധ്യസ്ഥപ്രാർത്ഥന, കഴുന്നെടുപ്പ്, നേർച്ചസമർപ്പണം, അടിമ, പരേതദിനാചരണം, സെമിത്തേരിസന്ദർശനം, പ്രദക്ഷിണം, ജീവകാരുണ്യ പ്രവർത്തനം, ശ്രമദാനം, ഭവനനിർമ്മാണം, സ്നേഹവിരുന്ന്, ലേലം. ചെണ്ട, ബാൻഡ് മേളങ്ങൾ, വെടിക്കെട്ട്, കലാസന്ധ്യ, ഭക്ഷണ - വിനോദ - വ്യാപാര സ്റ്റാളുകൾ, ഭക്ഷണമേള, വിനോദ പ്രദർശനങ്ങൾ, മത്സരങ്ങൾ, നാടകം - ഗാനമേള, വെടിക്കെട്ട്, കൊടിയിറക്ക്.

**ധ്യാനം**

ദൈവവചനം സ്വീകരിച്ച് അതിന്റെ വെളിച്ചത്തിൽ ജീവിതത്തെ പരിശോധിച്ച് വിലയിരുത്തി തിരുത്തലുകൾ വരുത്തുക. വിശുദ്ധീകരണം, മാനസാന്തരം, നവീകരണം. ആത്മീയ ശക്തി സംഭരിക്കൽ, ഫലദായക ജീവിതം, സുവിശേഷ സാക്ഷ്യം

**കുമ്പസാരം**

ആത്മീയ വളർച്ചയ്ക്കും ദൈവമനുഷ്യബന്ധത്തിനും വിഘ്നാതമായ പാപ വിമുക്തി നേടുക, ശുദ്ധീകൃതമായ ജീവിതം, വരപ്രസാദം, അനുരഞ്ജനം, ദൈവം മനുഷ്യബന്ധപുനസ്ഥാപനം

**കൊടിയേറ്റ്**

തിരുനാൾ ദിനാരംഭ വിളംബരം, കൂട്ടായ്മയിൽ ഏക മനസ്സോടെ ഇടവക സമൂഹം, മുഴുവൻ ജനതയ്ക്കു മുന്നിൽ വിശ്വാസപ്രഘോഷണ സാക്ഷ്യം നല്കുന്നു, സ്വർഗ്ഗോൻമുഖമായ പ്രത്യാശ നിറയുന്ന ക്രൈസ്തവ ജീവിതത്തിന്റെ ഓർമ്മപ്പെടുത്തൽ

**പ്രദക്ഷിണം**

നോക്കിപാർത്തിരിക്കുന്ന ഭാവിജീവിതത്തിലേക്കുള്ള ഒന്നായ തീർഥാടനത്തിന്റെയും സർവ്വവിധ സൗഭാഗ്യങ്ങളും നിറഞ്ഞ, അലം

കൃതമായ, മഹിമാ പൂരിതമായ നിത്യ സൗഭാഗ്യത്തിന്റെ വിളംബരം, രാജാധിരാജനായ ദൈവത്തിന്റെ തിരുസാന്നിധ്യത്തിന് നൽകുന്ന ആദരവും വണക്കവും.

**മധ്യസ്ഥ പ്രാർത്ഥന**

ഇടവകയുടെ പ്രത്യേക മധ്യസ്ഥന്റെ സഹായം തേടി ദൈവജന കൂട്ടായ്മയുടെ ശക്തീകരണം സാധ്യമാകുന്നു.

**കഴുന്നെടുപ്പ്**

വ്യക്തിപരമായ ആത്മീയ ഉത്തരവാദിത്വങ്ങളെ ഓർമിപ്പിക്കുന്നു മാധ്യസ്ഥ്യം വഹിച്ച വിശുദ്ധന്റെ ആധ്യാത്മിക ജീവിത സരണിയിൽ ചേർന്നു കൊണ്ടുള്ള ജീവിത പവിത്രീകരണം സാധിക്കുന്നു.

**അടിമ**

മിശിഹായ്ക്ക് പൂർണ്ണ സമർപ്പണം നടത്തി അവിടുത്തേയ്ക്ക് അനുരൂപമായ ജീവിതം ആകേണ്ടതാണ് ഈ ലോകത്തിലെ ക്രൈസ്തവ ശിഷ്യത്വം എന്ന് ഓർമിപ്പിക്കുന്നു.

**റാസ കുർബാന**

സഭയുടെ വിശ്വാസത്തിന്റെയും ആരാധനയുടെയും ഏറ്റവും മഹത്തരമായ പ്രകാശനം, രക്ഷാകര സംഭവങ്ങളുടെ തീവ്രമായ ഓർമ്മയാചരണങ്ങളിൽ പങ്കുചേർന്ന് കൃപാവരത്താലും ജീവനാലും പുഷ്ടിപ്പെടുന്നു.

**നേർച്ച സമർപ്പണം**

നമുക്ക് ദൈവം നൽകിയ അനുഗ്രഹങ്ങളുടെ പങ്ക് നന്ദി സൂചകമായി ദൈവത്തിനു സമർപ്പിക്കുന്നു.

**ഭവന നിർമ്മാണം**

കൂട്ടായ്മ, ഉപവി, ദൈവമഹത്വം, ജീവകാരുണ്യ പ്രവർത്തനം, അഗതികളിൽ മിശിഹായെ ശുശ്രൂഷിക്കൽ,

**സെമിത്തേരി സന്ദർശനം**

വിശ്വാസത്തിലെ പൂർവികരോടുള്ള നമ്മുടെ ആദരവും ബഹുമാനവും സ്നേഹവും പ്രഘോഷിച്ചുകൊണ്ട് നമ്മുടെ ജീവിതാന്തത്തെക്കുറിച്ച് ഓർത്ത് ജാഗ്രതയോടെ ജീവിക്കാനുള്ള ആഹ്വാനം.

**പരേതദിനാചരണം**

നമുക്കായി വിശ്വാസത്തിന്റെ അടിത്തറ കുടുംബത്തിൽ സ്ഥാപിച്ച പൂർവികരോട് ചേർന്ന് കൂട്ടായ്മ പ്രഘോഷിക്കുകയും അവരുടെ നിത്യശാന്തിക്കായി പ്രാർത്ഥനകൾ സമർപ്പിക്കുകയും ചെയ്യുന്നു.

**സ്നേഹവിരുന്ന്**

പെസഹാവിരുന്നായ പരിശുദ്ധ കുർബാനയ്ക്കുള്ള മുന്നോടി എന്നപോലെ പങ്കുവയ്ക്കുന്ന ആദിമ സമൂഹത്തിന്റെ ചൈതന്യം സ്വീകരിച്ചുകൊണ്ട് ഒരുമയും ബന്ധവും ജീവനും കരുതലും പ്രകാശിപ്പിക്കുന്നു.

**പ്രസംഗം**

വചനം ഭക്ഷിച്ച് ശക്തി പ്രാപിക്കാനും വിടുതൽ നേടാനും കൃപ ലഭിക്കുന്നു.

## ഏഴാം ദിവസം

പള്ളിയോഗം

നാലു ഗ്രൂപ്പിലെയും രണ്ടുപേരെ വീതം ഉൾപ്പെടുത്തി ഒരു വൃത്തത്തിൽ നിർത്തുക. ഒരു ഗ്രൂപ്പിലെ 2 പേരും അടുത്തടുത്ത് നിൽക്കരുത്. ഓരോ ഗ്രൂപ്പിലെയും അടുത്ത രണ്ടു പേരെ വീതം (കുട്ടികളുടെ എണ്ണമനുസരിച്ച് 1 or 2) അതിനു പുറത്തുള്ള വൃത്തത്തിൽ നിർത്തുക, അടുത്ത രണ്ടുപേരെ (1 or 2) അതിനും വെളിയിലുള്ള വൃത്തത്തിൽ നിർത്തുക. കുട്ടികളുടെ എണ്ണം അനുസരിച്ച് വൃത്തങ്ങൾ നിശ്ചയിക്കുക . എറ്റവും അകത്തെ വൃത്തത്തിലെ കുട്ടികളുടെ കയ്യിലേക്ക് ഒരു ബൗൾ പാസ് ചെയ്യുക ബൗളിനുള്ളിൽ നാലു ഗ്രൂപ്പിന്റെയും, ഗ്രൂപ്പ് കളറിലുള്ള പേപ്പറുകൾ ദീർഘചതുരം , സമചതുരം, വൃത്തം, ത്രികോണം ഈ ആകൃതികളിൽ ചെറിയ വലുപ്പത്തിൽ മുറിച്ചത്, ഒരു ഗ്രൂപ്പിന് കുറഞ്ഞത് 20 പീസുകൾ എങ്കിലും ലഭിക്കുന്ന വിധം ചേർത്തിട്ടുണ്ടാകണം. അകത്തെ വൃത്തത്തിലെ കുട്ടികളുടെ കയ്യിലേക്ക് ബൗൾ പാസ് ചെയ്യാൻ കൊടുക്കുക ഒരോരുത്തരുടെയും കയ്യിൽ ബൗൾ എത്തുമ്പോൾ അതിൽനിന്ന്  രണ്ട് പേപ്പർ കഷണങ്ങൾ എടുക്കാം. കൂടുതൽ എടുക്കാതെ ശ്രദ്ധിക്കാൻ ഒരു അധ്യാപകൻ നിരീക്ഷണത്തിനുണ്ടാവണം. ലഭിച്ചസ്വന്തം കളർ പേപ്പർ, പുറകിൽ നിൽക്കുന്ന വൃത്തത്തിലെ സ്വന്തം ഗ്രൂപ്പ് അംഗത്തിന്റെ കയ്യിലേക്കും മറ്റേ കളർ, താൻ നിൽക്കുന്ന വൃത്തത്തിലെ അതാത് കളറിന്റെ അംഗത്തിന്റെ കയ്യിലേക്കും കൊടുക്കുക. സ്വസ്ഥാനത്ത് നിന്ന് മാറാതെ ഇപ്രകാരം ചെയ്യുക. അങ്ങനെ കൊടുക്കാതെ കയ്യിൽ സൂക്ഷിക്കുകയോ മാറ്റിക്കളയുകയോ ചെയ്താൽ 5 പോയിന്റ് വീതം നഷ്ടമാകും. ഒരു പാസിങ് പൂർത്തിയാകും വരെ വിസിൽ /

മ്യൂസിക് കൊടുക്കുക. പിറകിൽ നിന്ന് ഏറ്റുവാങ്ങിയ ആൾ അത് തന്റെ പുറകിലുള്ള വൃത്തത്തിലെ സ്വന്തം ഗ്രൂപ്പ് അംഗത്തിന് കൊടുക്കുക. ഏറ്റവും അവസാനത്തെ വൃത്തത്തിലെ ആൾ, അത്, ഗ്രൂപ്പിനു വേണ്ടി ഒരു എംബ്ലം തയ്യാറാക്കാൻ നിൽക്കുന്ന സ്വന്തം ഗ്രൂപ്പംഗങ്ങൾക്ക് കൈമാറുക.

തെറ്റായ കളറാണ് ആദ്യ വൃത്തത്തിൽ വച്ച് മറ്റ് ഗ്രൂപ്പംഗം തന്നതെങ്കിൽ, രണ്ടും മൂന്നും വൃത്തങ്ങളിലെത്തുമ്പോൾ അവിടെ ശരിയാക്കുക. അടുത്ത റൗണ്ടിന് മുൻപായി അകത്തുള്ള വൃത്തത്തിലെ കുട്ടികളെ തൊട്ടുപിറകിലെ വൃത്തത്തിലേയ്ക്ക് മാറ്റുക. അപ്പോൾ രണ്ടാം വൃത്തത്തിൽ നിന്നവരെല്ലാം ഏറ്റവും അകത്തെ വൃത്തമായി. അതിനടുത്ത റൗണ്ടിൽ വീണ്ടും പിറകിലെ വൃത്തത്തിലേയ്ക്ക് മാറ്റുക. ബൗളിലെ പേപ്പർ തീരും വരെ പാസിങ് നടത്തുക. ആദ്യം 20 കഷണങ്ങൾ കളക്ട് ചെയ്ത ഗ്രൂപ്പിനും ആദ്യം എംബ്ലം പൂർത്തിയാക്കുന്ന ഗ്രൂപ്പിനും പോയിന്റ് കൊടുക്കാം. പിന്നാലെ പൂർത്തിയാക്കുന്ന ഗ്രൂപ്പുകൾക്ക് അതിനനുസരിച്ച് പോയിന്റുകൾ നൽകുക.

പള്ളിയോഗങ്ങൾ ഇടവക സമൂഹത്തിന്റെ കൂട്ടായ തീരുമാനത്തിന്റെയും പ്രയത്നത്തിന്റെയും ഫലമായാണ് ഇടവകയുടെ ആവശ്യങ്ങളിൽ, തീരുമാനത്തിലേക്ക് എത്തുകയും അവ നിറവേറ്റുകയും ചെയ്യുക. അതിന് സ്വന്തം ഇടവകയിൽ ഉള്ളവരെ പരസ്പരം അറിയുകയും ബഹുമാനിക്കുകയും അവരെ ശ്രവിക്കുകയും, ഉചിതമായ പ്രതികരണങ്ങൾ നൽകുകയും വേണം. ഇവയെല്ലാം ചേർന്ന് ഒരു ആവശ്യത്തിന്റെ നിർവഹണത്തിലേക്ക് എത്തിക്കുകയും വേണം. ഇതാണ് ഈ ഗെയിമിലൂടെ ഉദ്ദേശിക്കുന്നത്. കൂട്ടായ സഹകരണത്തിലൂടെ, പരസ്പരബഹുമാനം പുലർത്തി, ശ്രവിച്ച്, അനുസരിച്ച്, അറിഞ്ഞ് ഇടവക സമൂഹം വളരുന്നു. എല്ലാവർക്കും അതിൽ റോളുണ്ട്.

**ആക്ടിവിറ്റി 1**

**തിരുസഭാ സമൂഹത്തിന്റെ പ്രത്യേകതകൾ**

സ്ഥാപകൻ ദൈവമായിട്ടുള്ള ഒരേയൊരു സമൂഹം, ഈ സമൂഹത്തിൽ അംഗമാകുമ്പോൾ ഒരു സാധാരണ മനുഷ്യൻ ദൈവമകൻ / മകൾ ആയി രണ്ടാമതും ജനിക്കുന്നു. സ്നേഹം മാത്രമാണ് ഇതിൽ നിയമം. ഭാഷാ, വർഗ്ഗ, വർണ്ണ, ലിംഗ ഭേദമില്ലാതെ ലോകത്തിലാർക്കും ഈ സമൂഹത്തിൽ അംഗമായിത്തീരാം. ഈ

സമൂഹം ദൈവത്തിന് വിധേയപ്പെട്ടിരിക്കുന്നു. ഈ സമൂഹത്തിന് രുചി വർദ്ധിപ്പിക്കാൻ കഴിയും, ഇരുൾ അകറ്റാൻ കഴിയും. അതിന്റെ സ്ഥാപകനും നേതാവുമായ ആളുടെ, സ്വയം ബലിയർപ്പിച്ച ശരീരവും രക്തവും ഭക്ഷിച്ചാണ് അത് ജീവിക്കുന്നത്. ഈ ഭക്ഷണം ഓരോ അംഗത്തിന്റെയും സിരകളിലേയ്ക്ക് ഒരേ ഉറവിടത്തിൽ നിന്ന് എത്തി ചംക്രമണം ചെയ്യുന്നത് വഴി, അംഗങ്ങൾ എല്ലാവരും പരസ്പരം 'ജീവൻ' കൊണ്ട് ബന്ധിതമായിരിക്കുന്നു. അത് യാത്രയിലാണ്, ഭൂമിയിൽ ഈ സമൂഹത്തിന്റെ സ്ഥാപകലക്ഷ്യം ഒരിക്കലും പൂർത്തിയാകുന്നില്ല. ലക്ഷ്യം നേടാൻ നടത്തുന്നയാത്ര യുഗാന്ത്യത്തിലാണ് പൂർത്തിയാവുക. കൂട്ടായ്മയാണ് ഈ സമൂഹത്തിന്റെ മുഖമുദ്ര. പരിശുദ്ധിയാണ് തനിമ.

**ആക്ടിവിറ്റി 2**

വീട്ടിലെ അംഗങ്ങൾ തമ്മിൽ ഈ പ്രശ്നങ്ങളെക്കുറിച്ച് പരസ്പരം സംസാരിച്ച് മനസ്സിലാക്കുക എന്നതാണ് ആദ്യപടി. ഒരാൾ മാത്രം ഈ പ്രശ്നങ്ങളും അതിന്റെ പരിഹാരവും ആലോചിച്ചു വിഷമിച്ചു നടന്നാൽ, ബാക്കി അംഗങ്ങൾ ഇതിന്റെ വരും വരായ്കകൾ അറിയണമെന്നില്ല, പ്രശ്നപരിഹാരത്തിനായി നിലകൊള്ളണമെന്നില്ല. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് പ്രശ്നത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്ത്, ക്രിസ്തീയ വീക്ഷണത്തിൽ സുവിശേഷമൂല്യങ്ങളെ മുൻപിൽ നിർത്തി, അതിന് യോജിച്ച തീരുമാനമെടുക്കുകയാണ് വേണ്ടത്. ഒരുമിച്ച് ചർച്ച ചെയ്ത് വിശദമാക്കാതെ കുടുംബം എന്ന നിലയിൽ ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയില്ല. കുടുംബനാഥന്റെ തീരുമാനത്തിന് കുടുംബാംഗങ്ങൾ സമ്മതവും സഹകരണവും നൽകുന്നു. അത് ക്രിസ്തീയമായിരിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും ആലോചനകളും നൽകേണ്ടത് കുടുംബാംഗങ്ങളുടെ ഉത്തരവാദിത്വമാണ്.

**വിവാഹം** : ഒരുമിച്ചിരുന്ന് വിവാഹക്കാര്യം കുടുംബത്തിന്റെ മുൻപിൽ അവതരിപ്പിക്കുന്നു: പ്രധാനപ്പെട്ട കാര്യങ്ങളും അനുബന്ധമായുള്ളവയും ചർച്ച ചെയ്യുന്നു. പ്രാർത്ഥനയിൽ സമർപ്പിച്ച് വ്യക്തിപരമായി ഈ നിയോഗം ഏറ്റെടുത്ത് പ്രാർത്ഥിക്കുന്നു. കുടുംബം ഒരുമിച്ച് ഇതിനായി തുടർപ്രാർത്ഥനകൾ നടത്തുന്നു. ഓരോരുത്തർക്കും ചെയ്യാൻ കഴിയുന്ന ജോലികൾ ഏറ്റെടുക്കാൻ പറ്റുന്നവ ഏൽപ്പിക്കുന്നു, ഏൽക്കുന്നു. അവ നടപ്പിൽ വരുത്തുന്നവിധം കുടുംബവുമായി ചർച്ചചെയ്ത് അവതരിപ്പി

ക്കുന്നു. അപ്പോൾ പാളിച്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കാനും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടവ ഉണ്ടെങ്കിൽ അവ ശ്രദ്ധിക്കാനും, തിരുത്തലുകൾ വരുത്താനും കഴിയുന്നു. ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന ആവശ്യങ്ങളും സാഹചര്യങ്ങളും പരസ്പരം പങ്കുവയ്ക്കുന്നു. അവസാന തീരുമാനം കുടുംബനാഥന്/മുതിർന്ന അംഗത്തിന് വിട്ടു നൽകുന്നു.

വിവാഹത്തിന്റെ കാര്യത്തിൽ ബന്ധുകുടുംബം, അവരുടെ പ്രദേശം ചിലവുകൾ, വേദി, ക്ഷണിക്കേണ്ടവർ, ക്ഷണിക്കുന്നവിധം (ഫോൺ/കാർഡ്/നേരിട്ട്) ആഘോഷഘടകങ്ങൾ പരിചയപ്പെടുത്താനും, തീരുമാനിക്കാനും കുടുംബാഗങ്ങൾ ഒരുമിച്ചിരിക്കുന്നു. ഓരോ അംഗത്തിന്റെയും പരിചയത്തിൽ നിന്ന് വിളിക്കേണ്ടവരെ ഉൾപ്പെടുത്തുന്നു. ഓരോരുത്തർക്കും പ്രായത്തിനും ശേഷിക്കും അനുസരിച്ച് ജോലികൾ നല്കുന്നു.

യൂത്തിന് ക്ഷണനങ്ങൾ, വീടൊരുക്കൽ, ആഘോഷ ഘടകങ്ങൾ, യാത്രകൾ, പ്രാർത്ഥന ഇവ തനിച്ചും സഹകരിച്ചും നിർവ്വഹിക്കാനാവും. എങ്ങനെ ഈ റോൾ നിർവഹിക്കും ?

എല്ലായ്പ്പോഴും കുടുംബവുമായി നല്ല ആശയ വിനിമയത്തിലായിരുന്നുകൊണ്ടും എന്റെ സ്വന്തം കുടുംബത്തിന്റെ ഏറ്റം പ്രധാനമായ ഒരു സംഭവമായി ഇതിനെ സ്വീകരിച്ചും മാതാപിതാക്കൾക്ക് പൂർണ്ണമായി വിധേയപ്പെട്ടുകൊണ്ടും സർവോപരി ദൈവത്തിലാശ്രയിച്ചു കൊണ്ടും ഇവ ചെയ്യാനാകും.

അയൽപക്ക പ്രശ്നം പരിഹരിക്കുന്നതിലും, യൂത്തിന് അനുരഞ്ജനത്തിന്റെയും സൗഹൃദത്തിന്റെയും വിട്ടുവീഴ്ചയുടെയും ദൂതൻമാരാകാൻ കഴിയും.

**ആക്ടിവിറ്റി 3**

**തിരുബാലസഖ്യം** :

ഒൻപതു വയസ്സുവരെയുള്ള ബാലിക ബാലന്മാർ – ബാലനായ ഈശോയുടെ കൂട്ടുകാരൻ എന്ന നിലയിൽ ഈശോയെ സ്നേഹിച്ച് അനുഗമിക്കുക

**സി.എം.എൽ.**

5–10 വരെ ക്ലാസുകളിലെ കുട്ടികൾ – ‘‘നിങ്ങൾ ലോകം എങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക’’ എന്ന ദൗത്യം പ്രാവർത്തികമാക്കാൻ, പ്രാർത്ഥന, സംഭാവന സന്മാതൃക, ദൈവവിളി പ്രോത്സാഹനം ഇവ വഴി എല്ലാ പ്രേഷിത പ്രവർ

ത്തനങ്ങളെയും സംഘടിതമായി സഹായിക്കുക.

**എസ്. എം. വൈ. എം.** - യുവദീപ്തി - 11-ാം ക്ലാസ് മുതൽ വിവാഹപ്രായം വരെയുള്ള യുവതീ യുവാക്കൾ - പ്രാർത്ഥന, പഠനം, പരിശീലനം, പ്രവർത്തനം, പരിവർത്തനം എന്നീ മാർഗ്ഗങ്ങളിലൂടെ ജനതകളുടെ പ്രകാശമായ ഈശോമിശിഹായുടെ ദീപ്തിയിൽ സകല മനുഷ്യരെയും പ്രകാശിപ്പിക്കുക.

**പിതൃവേദി** : എല്ലാ കുടുംബനാഥൻമാരും - പരസ്പരം അംഗീകരിച്ചും, ക്ഷമിച്ചും, സഹകരിച്ചും, സഹിച്ചും, സ്നേഹിച്ചും മുന്നേറുക എന്ന പ്രവർത്തന ശൈലിയിൽ കുടുംബനാഥന്മാരായ പിതാക്കന്മാരെ സഭാത്മകവും പവിത്രവുമായ കുടുംബജീവിതം നയിക്കാൻ പരിശീലിപ്പിച്ച് അങ്ങനെ കുടുംബങ്ങളിലൂടെ ലോകത്തെ നവീകരിക്കുക.

**മാതൃവേദി** : എല്ലാ മാതാക്കളും - കുടുംബത്തിലൂടെ സമൂഹ നവീകരണം, ദൈനംദിന കുടുംബകാര്യങ്ങൾ കാര്യക്ഷമതയോടെ, വിജയകരമായി നടത്താൻ വേണ്ട പരിശീലനം, ഭാര്യ, അമ്മ, കുടുംബനാഥ എന്ന നിലകളിലുള്ള ദൗത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, വീടിന് വിളക്കായി പരിശോഭിക്കുന്നതിന് മാതാക്കളെ പ്രാപ്തരാക്കി സുവിശേഷാധിഷ്ഠിതമായി കുടുംബ നവീകരണം സാധിക്കുന്നു.

**ലിജീയൻ ഓഫ് മേരി** - എല്ലാ അത്മായരും - ലോകത്തിനും അതിന്റെ നശീകരണ ശക്തികൾക്കും എതിരെ തിരുസഭ നടത്തുന്ന നിരന്തര ആത്മീയ സമരങ്ങളിൽ ആത്മീയ സൈനിക സേവനം ചെയ്യാൻ സ്വയം സമർപ്പിക്കുക.

**വിൻസന്റ് ഡി. പോൾ** - എല്ലാ അത്മായരും - വിൻസെൻഷ്യൻ ആധ്യാത്മികതയിൽ ഊന്നിയ ഉപവി പ്രവർത്തനങ്ങൾ ചെയ്ത് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്നു.

**ഫ്രാൻസിസ്കൻ മൂന്നാം സഭ** - എല്ലാ അത്മായരും - ഫ്രാൻസിസ്കൻ ആധ്യാത്മികതയിലുടെ കുടുംബത്തിന്റേയും ലോകത്തിന്റേയും വിശുദ്ധീകരണത്തിനും ആത്മരക്ഷയ്ക്കും വേണ്ടി ശ്രമിക്കുന്നു.

ദളിത് കത്തോലിക്കരുടെ ഉന്നമനത്തിനും ക്ഷേമത്തിനും പുരോഗതിക്കും അവരെമുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ഡി.സി.എം.എസ്., തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യങ്ങളും ആത്മീയതയും പുരോഗതിയും സുസ്ഥിര ജീവി

തവും ലക്ഷ്യമാക്കിയുള്ള കേരള ലേബർ മൂവ്മെന്റ്, രാഷ്ട്ര നിർമ്മിതിയിലും സമൂഹ സംസ്കാരത്തിലും ജീവിതത്തിലും കത്തോലിക്കരുടേതായ മൂല്യങ്ങൾ സംഭാവന ചെയ്ത്, നിലപാടുകൾ പകർന്നുകൊണ്ട് ഉപ്പായും പുളിമാവായും മാറാനുള്ള ദൗത്യം നിർവഹിക്കുന്നതിന് സഹായിക്കുന്ന എ.കെ.സി.സി എന്നീ പ്രസ്ഥാനങ്ങളും നമുക്കുണ്ട്.

**ആക്ടിവിറ്റി 4**

**ചർച്ചയിൽ അധ്യാപകർ കൃത്യമായി ഇടപെടുക**

താഴെ നൽകിയിരിക്കുന്ന വിവരങ്ങൾ, 4 കോപ്പികൾ എടുത്ത് ഓരോ ഹെഡിങ്ങും അതിന്റെ വിശദീകരണവും ചേർത്ത് പ്രത്യേകമായി Cut ചെയ്തെടുത്ത്, 4 ബോക്സുകളിലായി വച്ച്, ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ കഴിഞ്ഞ് മറ്റൊരാൾ എന്ന രീതിയിൽ അതത് ഗ്രൂപ്പിന്റെ ബോക്സിൽ നിന്നും ഒരാൾ ഒരു Cut piece വീതം എടുത്ത് ഗ്രൂപ്പിൽ കൊണ്ടുവന്ന് Sort ചെയ്ത് Poster തയ്യാറാക്കണം. ആദ്യം പെൻസിലിൽ എഴുതി, തിരുത്തലുണ്ടെങ്കിൽ വരുത്തി colour ചെയ്യാം. നന്നായി തയ്യാറാക്കിയാൽ ഒരു permanent board പോലെ താത്പ്പര്യമെങ്കിൽ, പള്ളിയോഗം നടത്തുന്ന സ്ഥലത്തിന് സമീപം പ്രദർശിപ്പിക്കാവുന്നതാണ്. യോഗാംഗങ്ങളുടെ ചുമതലകളെക്കുറിച്ച്, പങ്കെടുക്കുന്നവർക്ക് ഒരു ഓർമ്മപ്പെടുത്തലായി ഉപകരിപ്പിക്കാം.

**ബോക്സിലിട്ട് കളക്ട് ചെയ്യാൻ**

പൊതുയോഗം, പ്രതിനിധിയോഗം - പള്ളി യോഗത്തിന്റെ രണ്ട് രൂപങ്ങൾ

**ലക്ഷ്യം** : ഇടവക വികാരിയുടെ അജപാലന ശുശ്രൂഷയിലും സാമ്പത്തിക കാര്യനിർവഹണത്തിലും ആലോചനകളും നിർദ്ദേശങ്ങളും നൽകി സഹായിക്കുകയും സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

**നിർവചനം** : ദൈവജനകൂട്ടായ്മയുടെ സവിശേഷമായ പ്രകാശനം എന്ന നിലയ്ക്ക്, സഭാ പാരമ്പര്യമനുസരിച്ച് രൂപീകൃതമായ, ഇടവകയുടെ ഔദ്യോഗിക സംവിധാനം

**പൊതുയോഗം -**

**അംഗങ്ങളുടെ എണ്ണം** : ഇടവകയിലെ കുടുംബത്തിന്റെ എണ്ണത്തിന് ആനുപാതികമായി

**അംഗങ്ങൾ :**

ഇടവക വികാരി, അസിസ്റ്റന്റ് വികാരി, അതേ ഇടവകയിൽപ്പെട്ട വരും അതേ രൂപതയിൽ സേവനം ചെയ്യുന്നവരുമായ വൈദിക, സമർപ്പിതസമൂഹങ്ങളുടെ സുപ്പീരിയേഴ്സ്, കുടുംബനാഥന്മാർ, കൈക്കാരന്മാർ, പ്രതിനിധി യോഗാംഗങ്ങൾ

**പങ്കെടുക്കാൻ യോഗ്യതയില്ലാത്തവർ :**

വിശ്വാസത്തെ എതിർക്കുന്നവരും തള്ളിപ്പറയുന്നവരും, പള്ളി മുടക്കുള്ളവർ, പരസ്യപാപികൾ, സന്മാർഗപരമായ കുറ്റകൃത്യ ങ്ങൾക്ക് ശിക്ഷിക്കപ്പെട്ട വ്യക്തികൾ, വാർഷിക പെസഹാചുമത ലകളിൽ വീഴ്ചവരുത്തിയവർ, സ്ഥിരബുദ്ധി ഇല്ലാത്തവർ, മന പൂർവം സഭാനിയമങ്ങൾ ലംഘിക്കുന്നവർ, മദ്യപാനികൾ, ലഹ രിക്കടിമകൾ

**പള്ളിയോഗത്തിന്റെ അധ്യക്ഷൻ : ഇടവക വികാരി**

**പൊതുയോഗ ധർമ്മം :**

അല്മായ പ്രേഷിതദൗത്യം ഇല്ലെങ്കിൽ അജപാലക ജോലി ഫല പ്രദമാകില്ല, ഹയരാർക്കിയോടൊപ്പം നിൽക്കുന്ന അല്മായർ ഇല്ലെ ങ്കിൽ അവിടെ ഒരു സഭയില്ല എന്ന ബോധ്യം നൽകുക.

ഇടവക ജനത്തിന് നവീകരണത്തിന് ആവശ്യമായ അജപാ ലന പദ്ധതി തയ്യാറാക്കുക.

ആരാധനക്രമത്തിലെ സജീവ ഭാഗഭാഗിത്വം പ്രോത്സാഹിപ്പി ക്കുക, കുട്ടികൾ, യുവാക്കൾ, മുതിർന്നവർ ഇവരുടെ വിശ്വാസപ രിശീലനം ഉറപ്പുവരുത്തുകയും അതിനായി മറ്റുള്ളവരെ പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുക.

വചനവും സാക്ഷ്യവും വഴി സുവിശേഷം പ്രസംഗിക്കുക.

പൗരോഹിത്യ, സമർപ്പിത, അപ്പസ്തോലിക ജീവിതങ്ങളിലേ ക്കുള്ള വിളി പ്രോത്സാഹിപ്പിക്കുക.

വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചവരെ സഭയിലേക്ക് തിരികെ എത്തിക്കുക.

ചെറിയ ക്രൈസ്തവ സമൂഹങ്ങളുടെയും കുടുംബയൂണീറ്റുക ളുടെയും രൂപീകരണത്തിനും പ്രവർത്തനനിരതമാകുന്നതിനും നേതൃത്വം നൽകുക.

അൽമായ സംഘടനകൾ രൂപീകരിക്കുക, പ്രവർത്തിപ്പിക്കുക - ഇവയ്ക്ക് മുൻകൈയെടുക്കുക, അതാത് പ്രായവിഭാഗങ്ങളെ അവയിൽ ചേർന്ന് പ്രവർത്തിക്കാൻ അംഗങ്ങൾ ആക്കുക.

പുളിമാവ്പോലെ ജീവിതവും സാക്ഷ്യങ്ങളും വഴി ലോകത്തിൽ തങ്ങളുടെ പ്രേഷിത ദൗത്യം നിർവഹിക്കാൻ അൽമായരെ ഉത്തേജിപ്പിക്കുക.

വിശ്വാസത്തിനെതിരായ വെല്ലുവിളികളെയും മൗലികാവകാശത്തിന്റെ ലംഘനങ്ങളെയും നേരിടാൻ സഹായകമായ പൊതുവേദി സംഘടിപ്പിക്കുക.

ഇടവകയെ വാർഡുകളായി വിഭജിക്കുക.

ഓരോരുത്തരുടെയും കഴിവനുസരിച്ച് വസ്തുക്കളും സേവനങ്ങളും പങ്കുവെച്ച് സുവിശേഷ ചൈതന്യത്തിൽ സമൂഹത്തെ സഹായിക്കുക.

അതിരൂപതാ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കാൻ വാർഷിക കണക്ക് പാസാക്കുക.

അതിരൂപതാ നിയമങ്ങൾക്ക് വിധേയമായി കൈക്കാരൻ, ഓഡിറ്റർമാർ, പള്ളി ജീവനക്കാർ, ഓരോ വാർഡിൽ നിന്നും ഉള്ള പ്രതിനിധികൾ ഇവരുടെ എണ്ണം നിശ്ചയിക്കുക.

**പ്രതിനിധിയോഗം** -

**അംഗങ്ങൾ** :

ഔദ്യോഗിക അംഗീകാരം നേടിയിട്ടുള്ള അംഗങ്ങൾ, ഇടവക വികാരി, അസിസ്റ്റന്റ് വികാരി, തന്നാണ്ട് കൈക്കാരൻമാർ, പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സ് (ഉണ്ടെങ്കിൽ) തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ഇടവകയുടെ സ്ഥാപനങ്ങളിൽ നിന്നും അതാത് ഇടവകക്കാരായ ഒരാൾ വീതം, സൺഡേസ്കൂൾ ടീച്ചർമാരുടെ പ്രതിനിധി, അംഗീകാരമുള്ള ഇടവക സംഘടന പ്രതിനിധികൾ, സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധി, നാമനിർദ്ദേശം ചെയ്യപ്പെട്ടവർ.

**ചുമതലകൾ** :

ഇടവകയുടെ സമഗ്ര വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും നേതൃത്വം നൽകുകയും ചെയ്യുക.

മാസ, ത്രൈമാസ, അർദ്ധവാർഷിക, വാർഷിക കണക്കുകൾ തയ്യാറാക്കി, അവതരിപ്പിച്ച് പാസാക്കുക.

മുഖ്യ തിരുനാൾ ഒഴികെയുള്ള തിരുനാൾ പരിപാടികൾ നിർദ്ദേശിച്ച് അവ നടത്താൻ സഹായിക്കുക.

ഇടവക സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന് പൊതുയോഗത്തിന് മാർഗ്ഗനിർദ്ദേശം നൽകുക.

ആവശ്യാനുസരണം കമ്മിറ്റികൾ രൂപീകരിച്ച് അംഗങ്ങളെ തെര ഞ്ഞെടുത്ത്, ആവശ്യശേഷം പിരിച്ചുവിടുക. കൈക്കാരൻമാരെ തിര ഞ്ഞെടുക്കുക

**ആക്ടിവിറ്റി 5**

**ഇടവക വികാരി :**

എ, ബി, സി (വർക്ക്ബുക്കിലുണ്ട്) ഇവയിലെ ജോലികൾ നിർ വഹിക്കുന്നു, രൂപതാധ്യക്ഷൻ നിയമിക്കുന്നു, നിർദിഷ്ട ഇടവക യുടെ ചുമതല നിർവഹിക്കാൻ ഏൽപ്പിക്കപ്പെടുന്നു, ഇടവകയുടെ സ്വന്തം ഇടയൻ, ഇടവകയിൽ രൂപതാധ്യക്ഷന്റെ മുഖ്യസഹകാരി, പൊതുയോഗം, പ്രതിനിധിയോഗം ഇവയുടെ അധ്യക്ഷൻ.

**കൈക്കാരൻ**

പൊതുയോഗമോ പ്രതിനിധിയോഗമോ തിരഞ്ഞെടുത്ത്, രൂപ താധ്യക്ഷന്റെ അംഗീകാരത്തോടെ നിയമിക്കപ്പെടുന്നു. പ്രതിഫലം ഒന്നും വാങ്ങാതെയുള്ള സഭാശുശ്രൂഷ, എ,ബി,സി (വർക്ക്ബുക്കി ലുണ്ട്) ഇവയിൽ ഇടവക വികാരിക്ക് സഹായവും സഹകരണ വും നൽകുന്നു.

**കണക്കൻ**

വികാരിയച്ചന്റെയും കൈക്കാരന്റെയും മേൽനോട്ടത്തിൽ ജോലി കൾ നിർവഹിക്കുന്നു. ഇടവകയുടെ ദൈനംദിന വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്നു. മറ്റ് കാര്യാലയ ചുമതലകൾ നിർവഹിക്കുന്നു. അലവൻസ്/ പ്രതിഫലം വാങ്ങുന്നു / വാങ്ങാ തിരിക്കുന്നു.

**പാരിഷ് കൗൺസിൽ സെക്രട്ടറി**

പ്രതിനിധിയോഗത്തിന്റെ മിനിറ്റ്സ്, റിപ്പോർട്ട്, തീരുമാനങ്ങൾ ഇവ അതാത് പുസ്തകങ്ങളിൽ എഴുതി സൂക്ഷിക്കുന്നു. പ്രതി നിധിയോഗത്തിന്റെ മിനിറ്റ്സ്, റിപ്പോർട്ട് ഇവ അവതരിപ്പിക്കാൻ തയ്യാറാക്കുന്നു.

**ദൈവാലയ ശുശ്രൂഷി**

അനുദിനബലിയർപ്പണം, തിരുക്കർമ്മങ്ങൾ, കൂദാശകൾ, ആരാ ധനാക്രമ കർമ്മങ്ങൾ, കൂദാശാനുകരണങ്ങൾ ഇവയ്ക്ക് ആവശ്യ മായതെല്ലാം സജ്ജീകരിക്കുക, പരികർമ്മിയായ വൈദികന് വേണ്ട സഹായം നൽകുക, വിശുദ്ധസ്ഥലങ്ങളും വിശുദ്ധവസ്തുക്കളും വേണ്ടവിധം സൂക്ഷിക്കുകയും ക്രമീകരിക്കുകയും ചെയ്യുക, പ്രതി ഫലം സ്വീകരിച്ചുകൊണ്ടുള്ള ശുശ്രൂഷ.

**ആക്ടിവിറ്റി 6**

രണ്ട് ഗ്രൂപ്പുകൾ പ്രതിനിധിയോഗവും മറ്റ് രണ്ട് ഗ്രൂപ്പുകൾ പൊതുയോഗവും നടത്തുന്നു.

**4 അജണ്ടകൾ :**

1. മക്കളോ ബന്ധുക്കളോ കൂടെയില്ലാതെ വീട്ടിൽ തനിച്ച് കഴിയുന്ന പ്രായമായ മാതാപിതാക്കളുടെ ആത്മീയ, സാമൂഹ്യ, ഇടവകജീവിതങ്ങളിലെ പ്രതിസന്ധികൾ, അതിൽ നല്കാൻ പറ്റുന്ന സഹായ മാർഗ്ഗങ്ങൾ
2. വിശ്വാസത്തിൽ നിന്നും കൂദാശാജീവിതത്തിൽ നിന്നും വ്യതിചലിച്ച്, സെക്റ്റുകളിലേയ്ക്കും മറ്റ് വിശ്വാസത്തിലേയ്ക്കും പോകുന്ന ഇടവകക്കാർ.
3. ഭവനരഹിതരായ 3 കുടുംബങ്ങളുടെ പുനരധിവാസം.
4. കാടുപിടിച്ച് കിടക്കുന്ന പള്ളിപരിസരം, സെമിത്തേരി, തകർന്ന സെമിത്തേരിപ്പാത ഇവയുടെ നവീകരണം
5. or മാതാവിന്റെ പിറവി തിരുനാൾ ആഘോഷം.
6. or ഇടവക കുടുംബങ്ങൾ തമ്മിൽ നഷ്ടമായ കുടുംബാരൂപിയും, നിലനിൽക്കുന്ന അകൽച്ചയും വഴക്കുകളും.

## എട്ടാം ദിവസം

## കബറിടം

ബലൂൺ ചെയ്സ് ഗെയിം (Balloon Chase Game) കളി എങ്ങനെ ?

ഓരോ കളിക്കാരന്റെയും കാൽമുട്ടിൽ / കാലിൽ ഒരു ബലൂൺ കെട്ടുന്നു. എല്ലാ കളിക്കാരും ഒരേസമയം ഓടിത്തുടങ്ങുന്നു. സ്വന്തം ബലൂൺ രക്ഷിക്കുകയും മറ്റുള്ളവരുടെ ബലൂൺ പൊട്ടിക്കാനും ശ്രമിക്കണം. ബലൂൺ പൊട്ടുന്നവർ പുറത്താകും. അവസാനം ബലൂൺ പൊട്ടാതെ ശേഷിക്കുന്നവൻ വിജയി. കളി കഴിഞ്ഞാൽ വിജയിയെ പ്രഖ്യാപിച്ചു പാഠത്തിലേക്ക് കടക്കാം. അതിന്റെ സാരാംശം അവസാനം പറഞ്ഞ് അധ്യായം അവസാനിപ്പിക്കാം.

**ആക്ടിവിറ്റി 1**

**ഉത്തരങ്ങൾ എഴുതുക**

**മരണത്തിനപ്പുറം (ആത്മീയ ജീവിതം - Future)**

ദൈവസാന്നിധ്യം
ആത്മീയലോകം
അനന്തപ്രകാശം

| ഘടകം / വിഷയം | അമ്മയുടെ ഉദരത്തിലുള്ള കുഞ്ഞ് (past) | ജനിച്ച കുഞ്ഞ് (ഭൂമിയിലെ ജീവിതം present) | മരണത്തിനപ്പുറം (ആത്മീയ ജീവിതം future) |
|---|---|---|---|
| ലോകം / അന്തരീക്ഷം | ഇരുട്ടും ചൂടും നിറഞ്ഞ ഗർഭപാത്രം | വെളിച്ചം, വായു, മനുഷ്യരോട് ബന്ധം | ദൈവസാന്നിധ്യം ആത്മീയലോകം അനന്തപ്രകാശം |
| ജീവിതരീതി / ശ്വസനം | നാഡിയിലൂടെ പോഷണം | വായുവിൽ ശ്വസനം, ആഹാരം | ദൈവത്തിന്റെ സാന്നിധ്യത്തിൽ ആത്മീയ ജീവൻ |
| അറിവ് / അനുഭവം | പുറത്തുള്ള ലോകം അറിയില്ല | ദൃശ്യവും ശ്രാവ്യവും അനുഭവിക്കുന്നു. | ഭൗതികതയിൽ നിന്ന് മോചിതമായ ശാന്തിയും ദർശനവും |
| ബന്ധങ്ങൾ | അമ്മയുമായി മാത്രം ബന്ധം | കുടുംബം, സമൂഹം, ലോകം | ദൈവത്തോടും നിത്യ ആത്മാക്കളോടും ബന്ധം |
| ജനനമോ മാറ്റമോ | പിറവി, പുതിയ ലോകത്തിലേക്ക് കടക്കൽ | ജീവിതയാത്ര | മരണം - ആത്മാവിന്റെ പുതിയ ലോകത്തിലേയ്ക്ക് കടക്കൽ |
| വിശ്വാസം / പ്രത്യാശ | ഇതിനു പുറത്തു ലോകമുണ്ടെന്നു അവന് അറിയില്ല | ജീവിതം അനുഭവിക്കുന്നു. | ദൈവവാഗ്ദാന പ്രകാരം നിത്യജീവിതം അനുഭവിക്കുന്നു. |

ദൈവത്തിന്റെ
സാന്നിധ്യത്തിൽ
ആത്മീയ ജീവൻ

ഭൗതികതയിൽ നിന്ന് മോചിതമായ
ശാന്തിയും ദർശനവും

ദൈവത്തോടും നിത്യ ആത്മാക്കളോടും ബന്ധം

മരണം - ആത്മാവിന്റെ പുതിയ ലോകത്തിലേയ്ക്ക് കടക്കൽ

ദൈവവാഗ്ദാന പ്രകാരം നിത്യജീവിതം അനുഭവിക്കുന്നു.

**ആക്ടിവിറ്റി 2**

ഈ താരതമ്യത്തിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്ന സന്ദേശം എന്താണ് ?

**ഉത്തരം** - മരണത്തിനപ്പുറം എന്ത് എന്നറിയാൻ നാം ചെവിയോർക്കണം....

(കുട്ടികളുടെ അഭിപ്രായങ്ങൾ കേൾക്കാൻ മറക്കല്ലേ...)

**ആക്ടിവിറ്റി 3**

**സംവാദം / ഗ്രൂപ്പ് ആക്ടിവിറ്റി** :

**വിഷയം** : 'മരണം അവസാനമോ, പുതിയ ജനനമോ ?'

ഗ്രൂപ്പായി ചർച്ച ചെയ്യുക.

ചർച്ചയ്ക്കുശേഷം ഗ്രൂപ്പ്ലീഡർ പ്രധാന ആശയങ്ങൾ അവതരിപ്പിക്കുക.

(അധ്യാപകന്റെ /അധ്യാപികയുടെ വ്യക്തമായ ഇടപെടലുകൾ ചർച്ചകളിൽ ഉണ്ടാകണം).

**ആക്ടിവിറ്റി 4**

ബൈബിൾ പറയുന്നത് എന്ത് ? വായിക്കാം

യോഹന്നാൻ 11 : 25-26

''ഞാനാണ് പുനരുത്ഥാനവും ജീവനും; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.''

ലൂക്കാ 23 : 43

''നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.''

സഭാപ്രസംഗകൻ 12 : 7

''ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്ക് മടങ്ങും; ആത്മാവ് തന്റെ ദാതാവായ ദൈവത്തിങ്കലേക്കു തിരിച്ചുപോവുകയും ചെയ്യും''.

1 കോറിന്തോസ് 15 : 42 - 44

വിതയ്ക്കപ്പെടുന്നതു ഭൗതികശരീരം, പുനർജീവിക്കുന്നത് ആത്മീയശരീരം. ഭൗതികശരീരമുണ്ടെങ്കിൽ ആത്മീയശരീരവുമുണ്ട്.

ഹെബ്രായർ 9 : 27

''മനുഷ്യർ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി''

വെളിപാട് 21 : 4

''ഇനി മരണമുണ്ടായിരിക്കുകയില്ല ഇനിമേൽ ദു:ഖമോ മുറവിളിയോ വേദനയോ ഉണ്ടാകുകയില്ല''

2 കോറിന്തോസ് 5 : 1

(വർക്ക്ബുക്കിൽ 5 : 1 എന്നത് വിട്ടുപോയിട്ടുണ്ട്. കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക)

''ഞങ്ങൾ വസിക്കുന്ന ഭൗമികഭവനം നശിച്ചുപോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽ നിന്നുള്ളതുമായ സ്വർഗ്ഗീയഭവനം ഞങ്ങൾക്കുണ്ടെന്ന് ഞങ്ങൾ അറിയുന്നു.''

ഫിലിപ്പി1 : 23

''മരിച്ച് മിശിഹായോടുകൂടെ ആയിരിക്കാനാണ് എന്റെ ആഗ്രഹം; അതാണ് കൂടുതൽ ശ്രേഷ്ഠം.''

**ആക്ടിവിറ്റി 5**

**കൂടുതൽ ചർച്ചക്ക്**

Please refer Youcat 153. ശരീരത്തിന്റെ ഉയിർപ്പിൽ നാം വിശ്വസിക്കുന്നത് എന്തുകൊണ്ട് ?

മനുഷ്യവംശത്തെ രക്ഷിക്കാൻ വേണ്ടി ദൈവം തന്നെ ഈശോ മിശിഹായിൽ 'മാംസം' (മനുഷ്യാവതാരം) സ്വീകരിച്ചു. ബൈബിളിൽ 'മാംസം' എന്നപദം, മനുഷ്യനെ അവന്റെ ദുർബലതയിലും മർത്യതയിലും ചിത്രീകരിക്കുന്നു. എന്നാലും, മനുഷ്യൻ 'മാംസത്തെ' തരംതാണ ഒന്നായി കാണുന്നില്ല. ദൈവം മനുഷ്യന്റെ ആത്മാവിനെ മാത്രമല്ല രക്ഷിക്കുന്നത്. അവനെ മുഴുവനായി ശരീരത്തെയും ആത്മാവിനേയും രക്ഷിക്കുന്നു.

ദൈവം നമ്മെ ശരീരവും ('മാംസം') ആത്മാവുമുള്ളവരായി സൃഷ്ടിച്ചു. ലോകാവസാനത്തിൽ അവിടുന്ന് 'മാംസത്തെ' പഴകിയ കളിപ്പാട്ടംപോലെ തള്ളിക്കളയുന്നില്ല. അവസാനനാളിൽ സൃഷ്ടി മുഴുവനെയും അവിടുന്ന് നവീകരിക്കുകയും നമ്മെ മാംസത്തോടുകൂടിയവരായി ഉയിർപ്പിക്കുകയും ചെയ്യും. നമ്മൾ രൂപാന്തരീകൃതരാകും. എന്നാലും നാം നമ്മുടെ ഘടകത്തിൽ നമ്മെത്തന്നെ അനുഭവിക്കും എന്നതാണ് ഇതിന്റെ അർത്ഥം. ഈശോയ്ക്കും മാംസത്തിലായിരിക്കുക എന്നത്, ഒരു ഘട്ടം മാത്രമായിരുന്നില്ല. ഉത്ഥിതനായ കർത്താവ് പ്രത്യക്ഷപ്പെട്ടപ്പോൾ ശിഷ്യന്മാർ അവിടുത്തെ ശരീരത്തിൽ മുറിവുകൾ കണ്ടു.

**154. നാം മരിക്കുമ്പോൾ നമുക്ക് എന്ത് സംഭവിക്കുന്നു ?**

മരണത്തിൽ ശരീരവും ആത്മാവും വേർതിരിയുന്നു. ശരീരം ജീർണ്ണിച്ച് പോകുന്നു. ആത്മാവ് ദൈവത്തെ കാണാൻ പോകുന്നു. അവസാനം ദിവസം, ഉത്ഥാനം ചെയ്ത ശരീരത്തോടെ വീണ്ടും ചേരാൻ കാത്തിരിക്കുകയും ചെയ്യുന്നു.

**157. മരണാനന്തരം നാം വിധിക്ക് വിധേയരാക്കപ്പെടുമോ ?**

പ്രത്യേകമായത് അഥവാ വ്യക്തിപരമായത് എന്ന് വിളിക്കപ്പെടുന്ന വിധി, വ്യക്തിയുടെ മരണ നിമിഷത്തിൽ സംഭവിക്കും. അന്തിമവിധിയെന്നു കൂടി വിളിക്കപ്പെടുന്ന പൊതുവിധി ലോകാവസാ

നത്തിൽ കർത്താവ് വീണ്ടും വരുമ്പോൾ സംഭവിക്കും.

**159. എന്താണ് ശുദ്ധീകരണ സ്ഥലം ?**

പലപ്പോഴും ഒരു സ്ഥലമായി സങ്കൽപ്പിക്കപ്പെടുന്ന ശുദ്ധീകരണസ്ഥലം യഥാർത്ഥത്തിൽ ഒരു അവസ്ഥയാണ്. ഒരു വ്യക്തി ദൈവകൃപാവരത്തിൽ മരിക്കുന്നു. എന്നാലും ദൈവത്തെ മുഖാമുഖം ദർശിക്കുന്നതിന് മുമ്പ് വിശുദ്ധീകരണം ആവശ്യമാണ്. അങ്ങനെയെങ്കിൽ ആ വ്യക്തി ശുദ്ധീകരണ സ്ഥലത്താണ്.

**160. മരിച്ച് വിശുദ്ധീകരണാവസ്ഥയിലിരിക്കുന്നവരെ സഹായിക്കാൻ നമുക്ക് കഴിയുമോ ?**

കഴിയും. മരണശേഷം ശുദ്ധീകരണാവസ്ഥയിൽ ആയിരിക്കുന്ന വിശ്വാസികളുടെ ആത്മാക്കളെ സഹായിക്കാൻ ജീവിച്ചിരിക്കുന്നവർക്ക് സാധിക്കും. കാരണം മിശിഹായിൽ മാമ്മോദീസ സ്വീകരിച്ചവരെല്ലാം ഒരു കൂട്ടായ്മയിലാകുന്നു. പരസ്പരം ഐക്യപ്പെട്ടിരിക്കുകയും ചെയ്യുന്നു. ഒരു മനുഷ്യൻ മരിച്ച് കഴിയുമ്പോൾ തനിക്കുവേണ്ടിത്തന്നെ ഒന്നും ചെയ്യാൻ അയാൾക്ക് കഴിയുകയില്ല. എന്നാൽ മരിച്ച് ശുദ്ധീകരണാവസ്ഥയിൽ ആയിരിക്കുന്ന വിശ്വാസികൾക്ക് വേണ്ടി ചില കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയും. നമ്മുടെ പ്രാർത്ഥനകൾ, സത്കർമ്മങ്ങൾ എന്നിവ വഴി മരിച്ചവർക്കുവേണ്ടി ദൈവകൃപ നേടാൻ നമുക്ക് സാധിക്കും.

**163. എന്താണ് അന്തിമ വിധി ?**

ലോകാവസാനത്തിൽ കർത്താവ് രണ്ടാമത് വരുമ്പോൾ നടക്കുന്ന വിധിയാണ് അന്തിമവിധി. 'കല്ലറകളിൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും' (യോഹ. 5 : 29).

കേരളത്തിലെ സുറിയാനികത്തോലിക്കരുടെ മരണാനന്തര ആചാരങ്ങളും അവയുടെ പ്രാധാന്യവും

സുറിയാനികത്തോലിക്കാപാരമ്പര്യം ഇന്ത്യയിലെ (പ്രത്യേകിച്ച് കേരളത്തിലെ) ഏറ്റവും പുരാതന ക്രൈസ്തവസംസ്കാരങ്ങളിലൊന്നാണ്. മരണാനന്തര ആചാരങ്ങൾ ഇവരുടെ ആത്മീയ ദർശനത്തെയും പുനരുത്ഥാനപ്രത്യാശയെയും ആഴത്തിൽ പ്രതിഫലിപ്പിക്കുന്നു.

**1. മരണസമയത്തെ ശുശ്രൂഷകൾ**

മരണം സമീപിക്കുമ്പോൾ വൈദികൻ എത്തി പാപമോചനശുശ്രൂഷ, രോഗീലേപനം ഇവ നൽകുന്നു.

**പ്രാധാന്യം :**

ആത്മാവിനെ ദൈവത്തിന് സമർപ്പിക്കുന്ന ഒരുക്കം. ഒരു വ്യക്തി മരണത്തിനു മുൻപ് സ്വീകരിക്കുന്ന അവസാനത്തെ വിശുദ്ധ കുർബാനയാണ് തിരുപാഥേയം. തന്റെ ഭൗമിക ജീവിതം പൂർത്തിയാക്കാനുള്ള വഴിയേ പുറപ്പെടുന്ന നിമിഷത്തിൽ ദിവ്യകാരുണ്യസ്വീകരണം അത്യാവശ്യമാണ് (youcat page 143).

* ശരീരം കഴുകി അലങ്കരിക്കൽ
* മരിച്ച ശരീരം ശുദ്ധീകരിച്ച് വെളുത്ത വസ്ത്രം ധരിപ്പിക്കുന്നു.

**പ്രാധാന്യം :**

ശരീരം ദൈവത്തിന്റെ ആലയമായിരുന്നു എന്ന ബഹുമാനം.

**2. വീട്ടിലെ പ്രാർത്ഥനകൾ**

* സങ്കീർത്തനങ്ങൾ
* ആത്മാവിന് സമാധാനം നൽകുന്ന പ്രാർത്ഥനകൾ
* ദൈവദൂതന്മാർ ആത്മാവിനെ സ്വീകരിക്കണമെന്നുള്ള

**അഭ്യർത്ഥന**

* പാപമോചന പ്രാർത്ഥനകൾ

**പ്രാധാന്യം :**

മരണപ്പെട്ടവനെ ദൈവത്തിന്റെ കയ്യിലേൽപ്പിക്കുന്ന ആത്മീയ വിടപറയൽ

**കുടുംബത്തിന് ആശ്വാസം**

ആത്മാവ് ദൈവത്തിലേക്ക് മടങ്ങിയെന്ന ക്രൈസ്തവ പ്രത്യാശ

**3. സംസ്കാരശുശ്രൂഷ**

* അന്ത്യയാത്ര
* ദൈവാലയത്തിലെ ശുശ്രൂഷ
* കബറിടത്തിൽ സംസ്കാരം.

**പ്രാധാന്യം :**

വി. മാമ്മോദീസായിൽ മുദ്രിതവും വി. തൈലത്താൽ അഭിഷിക്തവുമായ ശരീരം മരണത്തിനുശേഷം ഉയിർപ്പിന്റെ പ്രത്യാശയിൽ സംസ്കരിക്കപ്പെടുന്നു.

ഭൂമിയിൽ നിന്നുള്ള ആത്മാവിന്റെ 'യാത്ര' പ്രതീകാത്മകമായി അവതരിപ്പിക്കുന്നു.

മിശിഹായുടെ വെളിച്ചം ആത്മാവിനെ നയിക്കുന്നു എന്ന വിശ്വാസം.

**4. 7, 30, 41 ദിവസങ്ങളിലെ മന്ത്ര, ശ്രാദ്ധം ഇവയും പ്രത്യേക പ്രാർത്ഥനകളും കുർബാനയും.**

വാർഷിക ഓർമ്മദിനം

ഓർമ്മകുർബാന അർപ്പിക്കുന്നു.

**പ്രാധാന്യം** :

ആത്മാവിനുവേണ്ടിയുള്ള സഭയുടെ നിരന്തര പ്രാർത്ഥന.

മരണത്തിന് ശേഷവും ബന്ധം നിലനിൽക്കുന്നു എന്ന വിശ്വാസം.

**40 ദിവസത്തെ പ്രാർത്ഥന**

ക്രിസ്ത്യാനികളിൽ (പ്രത്യേകിച്ച് Eastern Churches) മരണത്തിന് ശേഷം 41-ാം ദിവസം സ്മരണാചരണം നടത്തുന്നത് ഒരു പഴയ പതിവാണ്.

ഇത് കുടുംബവും സഭയും ചേർന്ന്, മരിച്ചവർക്കായി പ്രാർത്ഥിക്കുന്ന സമയം ആണ്.

ആത്മാവ് ദൈവസന്നിധിയിലേക്ക് യാത്ര ചെയ്യുന്നതിന് പ്രാർത്ഥന സഹായകരമെന്ന വിശ്വാസം ഇതിന് പിന്നിലുണ്ട്.

കേരളത്തിലെ സീറോമലബാർ പാരമ്പര്യം അനുസരിച്ച്, ഒരാൾ മരിച്ചാൽ കുടുംബം 40 ദിവസത്തെ ഉപവാസവും ദുഃഖാചരണവും പാലിച്ചിരുന്നു. ഈ ദിവസങ്ങളിൽ ആഘോഷങ്ങളിൽ പങ്കെടുക്കാതെയും, പ്രത്യേകപ്രാർത്ഥനകൾ വീട്ടിലും കല്ലറയിലും നടത്തി, 41-ാം ദിവസം ബന്ധുക്കളെ വിളിച്ച് ഭക്ഷണം ഒരുക്കി ദുഃഖകാലം അവസാനിപ്പിച്ചിരുന്നു. ഇതാണ് ഇന്നത്തെ 'അടിയന്തിരം / നാളോത്ത്' പോലുള്ള ആചാരങ്ങളുടെ ചരിത്രപരമായ അടിസ്ഥാനം.

'നാളോത്ത് / അടിയന്തിരം' തുടങ്ങിയവ പൂർണ്ണമായും അന്യമായ ആചാരം അല്ല.

അത് ക്രിസ്തീയ പ്രാർത്ഥനാപാരമ്പര്യവും കേരളസംസ്കാരവും ചേർന്ന രൂപം ആണ്. അതിന്റെ മൂല്യം ചടങ്ങിൽ അല്ല, പ്രാർത്ഥനയിലാണ്.

കത്തോലിക്കാ സഭയിലെ (പ്രത്യേകിച്ച് കേരളത്തിലെ സീറോമലബാർ, സിറിയൻ ക്രിസ്ത്യൻ പാരമ്പര്യങ്ങളിൽ) മരണാനന്തര കർമ്മങ്ങൾ മതപരവും പ്രാദേശിക സംസ്കാരവുമായി കലർന്നതുമാണ്. ചില ചടങ്ങുകൾ ക്രിസ്തീയ പ്രാർത്ഥനകളെ കേന്ദ്രീകരിച്ചുള്ളതും, ചിലത് കേരളത്തിലെ പഴയ സാമൂഹിക ആചാരങ്ങളു

ടെ സ്വാധീനവുമുള്ളതുമാണ്.

അന്നീദ, നാളോത്ത്, ശ്രാദ്ധം, പുലയടിയന്തിരം എന്നിവയുടെ പൊതുവെ കാണുന്ന അർത്ഥങ്ങൾ ചുവടെ കൊടുക്കുന്നു :

**1. അന്നീദ** (Annida)

മരണത്തിന് ശേഷം ബന്ധുക്കൾക്കും ദരിദ്രർക്കും ഭക്ഷണം നൽകുന്ന ഒരു ആചാരമായി പല ക്രിസ്ത്യൻ കുടുംബങ്ങളിലും പാലിക്കുന്നു. ഇത് ആത്മാവിന്റെ സമാധാനത്തിനായി പ്രാർത്ഥനയും കരുണാപ്രവൃത്തിയും ചെയ്യുക എന്ന ആശയവുമായി ബന്ധപ്പെട്ടതാണ് (Charity).

ഇത് ഔദ്യോഗിക സഭാനിയമമല്ല; പ്രാദേശിക സംസ്കാരത്തിന്റെ സ്വാധീനമുള്ള ഒരു പതിവാണ്.

**2. നാളോത്ത്** (Nalothu)

സാധാരണയായി മരണത്തിന് ശേഷം നിശ്ചിത ദിവസത്തിൽ (പഴയകാലത്ത് 7–ാം, 11–ാം, 13–ാം തുടങ്ങിയ ദിവസങ്ങളിൽ) കുടുംബാംഗങ്ങൾ പ്രാർത്ഥനയും ചെറിയ സ്മരണാചരണവും നടത്താറുണ്ട്. ചില സമൂഹങ്ങളിൽ ദുഃഖകാലം അവസാനിക്കുന്നതിന്റെ അടയാളമായും ഇത് ആചരിക്കുന്നു. മരണം കഴിഞ്ഞ് ഒരു കാലയളവ് 'പുല' (mourning period) ആയി കണക്കാക്കി പിന്നീട് പ്രാർത്ഥനയും വിരുന്നും നടത്തുന്ന പതിവും ഉണ്ട്.

**3. ശ്രാദ്ധം / ചാത്തം** (Shraddham / Chatham)

മരണവാർഷികത്തിൽ ആത്മാവിനായി പ്രാർത്ഥനയും ഭക്ഷണവിതരണവും നടത്തുന്ന പതിവ്. ഇത് കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ ഇന്നും നിലനിൽക്കുന്ന ഒരു ആചാരമാണ്.

**4. പുലയടിയന്തിരം** (Pulayadiyanthiram / Adiyanthiram)

'അടിയന്തിരം'' എന്നത് പൊതുവെ മരണത്തിനു ശേഷമുള്ള പ്രത്യേക പ്രാർത്ഥനയും കുടുംബസംഗമവും ഭക്ഷണവും ഉൾപ്പെടുന്ന ചടങ്ങിനെയാണ് സൂചിപ്പിക്കുന്നത്. മരണാനന്തര ചടങ്ങുകൾക്ക് ശേഷം വിരുന്ന് നടത്തുന്നതും പഴയ സംസ്കാരത്തിന്റെ ഭാഗമായിരുന്നു.

**സഭ എന്ത് പഠിപ്പിക്കുന്നു :**

ശവസംസ്കാരത്തിന്റെ ലക്ഷ്യം മരിച്ചവർക്കായി ദൈവകരുണ അഭ്യർത്ഥിക്കുക, ശരീരത്തെ ആദരിക്കുക, ജീവിക്കുന്നവർക്ക് പ്രത്യാശ നൽകുക തുടങ്ങിയവ ആണ്.

അന്നീദ, നാളോത്ത്, ശ്രാദ്ധം, പുലയടിയന്തിരം എന്നിവ സംസ്കാരപരമായ ആചാരങ്ങളാണ്. ഇവ വിശ്വാസത്തിനു വിരുദ്ധമാകാൻ പാടില്ല. പ്രാർത്ഥന സഭ പ്രോത്സാഹിപ്പിക്കുന്നു എന്നാൽ പരിശുദ്ധ കുർബാനയ്ക്ക് പകരം ഇവ വരാൻ പാടില്ല എന്ന്തന്നെയാണ് സഭയുടെപഠനം.

**7. ഉപയോഗിക്കുന്ന പ്രതീകങ്ങൾ** :

| **പ്രതീകം** | **അർത്ഥം** |
|---|---|
| മണ്ണ് | ''നീ മണ്ണാണ്; മണ്ണിലേക്കു മടങ്ങും'' (മനുഷ്യന്റെ താത്കാലികത) |
| സ്ലീവാ | മിശിഹായിൽ പുനരുത്ഥാനത്തിന്റെ പ്രത്യാശ |
| പൂക്കൾ | പുതു ജീവിതം, ആത്മീയ പുനർജനനം |
| മെഴുകുതിരി/തീ | മിശിഹായുടെ പ്രകാശം, ആത്മാവിന്റെ നിത്യസാന്നിധ്യം |
| ധൂപം | പ്രാർത്ഥന ദൈവസന്നിധിയിൽ ഉയരുന്നതിന്റെ പ്രതീകം, വിശുദ്ധിയും ആരാധനയും സൂചിപ്പിക്കുന്നു. |
| ഹന്നാൻ വെള്ളം | കരുണയുടെ കണ്ണീർ; പശ്ചാത്താപം, ദൈവകൃപ |

**ആക്ടിവിറ്റി 6**

**Group Work - Concept Mapping**

ഓരോ ഗ്രൂപ്പിനും ഒരു വിഷയം

Chart paper ഉപയോഗിച്ച് Concept Map തയ്യാറാക്കുക.

**ആക്ടിവിറ്റി 7**

**Creative Expression**

**വിഷയം** :'മരണം അവസാനമല്ല; പുതിയ തുടക്കമാണ്'

ഓരോഗ്രൂപ്പിനും വ്യത്യസ്തപ്രവർത്തനങ്ങൾ കൊടുക്കുക.

ചിത്രം വരയ്ക്കുക
ചെറിയ സന്ദേശം
പ്രാർത്ഥന എഴുതുക
കവിത എഴുതുക
ബൈബിൾ വചനങ്ങൾ കണ്ടുപിടിച്ച് എഴുതുക.
ഇൻസ്റ്റാഗ്രാം സ്റ്റോറി /റീൽസ്



# സൂപ്പർ സീനിയർ വിഭാഗം

SANDESA NILAYAM
CHANGANACHERRY

സന്ദേശനിലയം
ചങ്ങനാശ്ശേരി